
# Youth Times

THAT THEY ALL MAY BE ONE • CHURCH OF SOUTH INDIA

Quarterly Magazine from CSI Youth Movement, Sharjah

July- Sept 2012


# I Can Do All Things Through Christ Who Strengthens Me







*[for private circulation only]*


Medical
Camp


Youth
Meeting
Young
Couple
Retreet
Evn. Samson Das,
Praveen Calvin
Br. Varghese
(India Campus Crusade )

THAT THEY ALL MAY BE ONE
CHURCH OF SOUTH INDIA

# Youth Times

ത്രൈമാസിക

CSI Youth Movement Sharjah
P. O. Box. 25570, Sharjah, UAE.
Phone No. 06 5661088
**csiyouthmovementsharjah@gmail.com**

---

**ചീഫ് എഡിറ്റർ**
റവ. ജേക്കബ് ജോൺ മുല്ലയ്ക്കൽ

**എഡിറ്റർ**
ബനെനെറ്റ് യേശുദാസൻ

**എഡിറ്റോറിയൽ ബോർഡ്**
എബി ജേക്കബ് താഴികയിൽ

ഏബ്രഹാം മാത്യു

ജാൻസി ബിജു

റ്റിറ്റോ മാത്യു

ജിലേഷ് ചെറിയാൻ

ഷൈൻ സാമുവേൽ

---

## വായനക്കാരുടെ ശ്രദ്ധയ്ക്ക്

യൂത്ത് ടൈംസിൽ ഉൾപ്പെടുത്താനുള്ള കൃതികൾ യുവജന പ്രസ്ഥാനത്തിന്റെ ഭാരവാഹികളേയോ യൂത്ത് ടൈംസ് എഡിറ്റോറിയൽ ബോർഡ് അംഗങ്ങളുടെയൊ കൈവശം നൽകേണ്ടതാണ്.

അതോടൊപ്പം യൂത്ത് ടൈംസിനെക്കുറിച്ചുള്ള നിങ്ങളുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഞങ്ങളെ അറിയിക്കുക.

ഈ ലക്കം യൂത്ത് ടൈംസ് സ്പോൺസർ ചെയ്ത ശ്രീ. വർഗ്ഗീസ് പി. സാമിനോടുള്ള നന്ദി അറിയിക്കുന്നു.

യൂത്ത് ടൈംസ്

# TEENAGERS SPECIAL

ജൂലൈ – സെപ്റ്റംബർ 2012

## ഉള്ളടക്കം

എഡിറ്റോറിയൽ

ഇടവക വികാരിയുടെ കത്ത്

വചനധ്യാനം: സകലവും മായ

Beautiful Angel

Teenagers' Views

God's Colourful World

കവിത: അമ്മ

ചെറുകഥ : കർത്താവിന്റെ വെളിച്ചം

Interview : Rev. Philip Mathew

എങ്ങനെ പ്രാർത്ഥിക്കണം

Seventeen to Thirty

We are the World

ജാലക കാഴ്ചകൾ

Health : Eyes Care

ലേഖനം : ലഹരിയുടെ സങ്കീർത്തനം

ഇടുക്കിയിലൂടെ ഒരു യാത്ര

പാചകം

കാർട്ടൂൺ

ബൈബിൾ ക്വിസ്

## എഡിറ്റോറിയൽ



ക്രിസ്തുവിൽ പ്രീയരേ,

ഈ മരുഭൂമിയിലെ കൊടും ചൂടിൽ ഉപജീവനത്തിനായും ഭാവി സുരക്ഷിതമാക്കുന്നതിനായും ഉള്ള കഠിന ശ്രമത്തിനിടയിൽ, നമ്മുടെ പ്രവർത്തനങ്ങൾ ദൈവഹിതപ്രകാരം ക്രമീകരിക്കാൻ ഒരു സഹായിയായി വീണ്ടും ഒരു യൂത്ത് ടൈംസ് (Teenagers Special) കൂടെ നിങ്ങളുടെ കൈയ്യിൽ എത്തുകയാണ്.

നോഹയുടെ പിൻ തലമുറക്കാർ ശിനാർ എന്ന ദേശത്ത് ഒരുമിച്ച് കൂടുകയും, ഭൂതലത്തിൽ ഒക്കെയും ചിതറിപ്പോകാതിരിക്കാൻ ഒരു പട്ടണവും തങ്ങളുടെ പ്രശസ്തിക്കായി ആകാശം വരെ മുട്ടുന്ന ഗോപുരവും പണിയുന്ന കഠിനശ്രമത്തിലായിരുന്നു. ഇത് കാണാനായി ദൈവം ഇറങ്ങി വന്നപ്പോൾ കണ്ടതോ, തങ്ങളുടെ പേരിനുവേണ്ടി ഒത്തൊരുമയോടെ പ്രവർത്തിക്കുന്ന മനുഷ്യരെയാണ്. ഇത് ദൈവത്തിന്റെ ഹിതം അല്ലാത്തതിനാൽ അവർ ഉപയോഗിച്ചിരുന്ന ഏക ഭാഷയെ കലക്കി ദൈവം അവരെ ഭൂമിയിലൊക്കെയും ചിതറിച്ചുകളഞ്ഞതായി ഉല്പത്തി 11–ാം അദ്ധ്യായത്തിൽ വിവരിക്കുന്നു. അതുപോലെ നമ്മുടെ കഠിനപ്രയത്നങ്ങളും ചിന്തകളും ഇന്നും ജീവിക്കുന്ന ദൈവത്തിന്റെ കോപത്തിന് കാരണമാകാതെ ദൈവത്തിന് പ്രസാദമുള്ളതായിരിക്കാൻ ശ്രമിക്കാം. അതിനായി പരിശുദ്ധാത്മാവ് നമ്മെ ഓരോരുത്തരെയും ശക്തിപ്പെടുത്തട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ഈ Teenagers Special ലക്കത്തിനാവശ്യമായ കൃതികൾ നൽകിയ ഓരോരുത്തരോടും വിശേഷാൽ ടീനേജേഴ്സിനോടും കവർ പേജുകൾ ഡിസൈൻ ചെയ്ത ശ്രീ. ജിലേഷ് ചെറിയാനോടും ശ്രീ. റ്റിറ്റോ മാത്യുവിനോടും അഭിമുഖം നൽകിയ ഫിലിപ്പ് മാത്യു അച്ചനോടും യൂത്ത് ടൈംസ് ചീഫ് എഡിറ്ററായ ജേക്കബ് ജോൺ മുല്ലയ്ക്കൽ അച്ചനോടുമുള്ള നന്ദി അറിയിക്കുന്നു. എല്ലാറ്റിലുമുപരി നമ്മെ ദിനംതോറും നടത്തുന്ന സർവ്വശക്തനായ ദൈവത്തിന് സകല ബഹുമാനവും സ്തോത്രവും മഹത്വവും അർപ്പിക്കുന്നു.

സ്നേഹപൂർവ്വം,
ബനെനെറ്റ് യേശുദാസൻ

# പ്രോഗ്രാമുകൾ

**ഒന്ന്, മൂന്ന്, നാല് വെള്ളിയാഴ്ചകളിൽ വിശുദ്ധ ആരാധനയ്ക്കു ശേഷം 10:30 മണിയ്ക്ക് ഹാൾ നമ്പർ 4 ൽ വച്ച് സാധാരണ** (മൂന്നാം വെള്ളി: സ്പെഷ്യൽ പ്രോഗ്രാം നാലാം വെള്ളി: ബൈബിൾ പഠനം) **മീറ്റിംഗുകളും**

**രണ്ടാം വെള്ളിയാഴ്ച അംഗങ്ങളുടെ ഭവനത്തിൽ വച്ച് പ്രത്യേക മീറ്റിംഗും**

**അഞ്ചാം വെള്ളിയാഴ്ച യൂത്ത് പിക്നികും**

**രണ്ടാം വ്യാഴാഴ്ചകളിൽ വൈകുന്നേരം 8:30 മണിയ്ക്ക് ഹാൾ നമ്പർ 4 ൽ വച്ച് യുവജന പ്രാർത്ഥന എന്നിവയും നടത്തി വരുന്നു.**

## എല്ലാ യുവജനങ്ങൾക്കും സ്വാഗതം

# ഇടവക വികാരിയുടെ കത്ത്



കർത്താവിൽ പ്രീയ യുവജന സുഹൃത്തുക്കളെ,

പുത്തൻ വിഭവങ്ങൾ നിറഞ്ഞ ''യൂത്ത് റൈംസ്'' വീണ്ടും നമ്മുടെ കൈകളിൽ എത്തിച്ചേരുകയാണ്. മട്ടിലും കെട്ടിലും പുതുമകൾ സ്വീകരിക്കുവാൻ തയ്യാറായ യൂത്ത് റൈംസ് എഡിറ്ററേയും ബോർഡ് അംഗങ്ങളേയും അനുമോദിക്കുകയും യൂത്ത് റൈംസ് മാസികയ്ക്ക് എല്ലാവിധമായ ആശംസകൾ നേരുകയും ചെയ്യുന്നു.

മനുഷ്യനെ ആകർഷിക്കുന്നതിനായിട്ടുള്ള പല ''ട്രെന്റുകൾ'' ദൃശ്യമാധ്യമങ്ങളിൽ ലഭ്യമാണ്. ജനങ്ങളിൽ ആകർഷണീയത സൃഷ്ടിക്കുവാൻ അത്ഭുതങ്ങൾ കാണിക്കുവാനും അത്ഭുതങ്ങളുടെ പ്രചാരകർ ആകാനും താത്പര്യപ്പെടുന്ന പുതിയ ഒരു '' ട്രെന്റ് '' ക്രിസ്തീയ പ്രവർത്തകരായ പലരിലും ഇപ്പോൾ കാണാം.

പഴയ നിയമത്തിൽ പുറപ്പാട് പുസ്തകത്തിൽ മൊശെയും അഹരോനും ചേർന്ന് നടത്തുന്ന പ്രവർത്തനത്തെ അത്ഭുതം എന്നു ഒരിടത്തു പറയുന്നുണ്ടെങ്കിലും (പുറ. 3:20) ബാക്കിയുള്ള എല്ലാഭാഗത്തും (പുറ. 4:8, 9, 17, 30, 10:1, ...) അടയാളങ്ങൾ എന്നാണ് ഇതിനെ വിശേഷിപ്പിച്ചിരിക്കുന്നത്. അതായത് മോശെയും അഹരോനും ദൈവം അയച്ചിട്ടു വന്നിരിക്കുന്നു എന്നുള്ളതിനു അടയാളമായിരുന്നു അവർ പ്രവർത്തിച്ചു കാണിച്ചത്. യോഹന്നാന്റെ സുവിശേഷം 2:10–ൽ അടയാളങ്ങളുടെ ആരംഭം എന്നാണ് കാണുന്നത്.

ദൈവത്വം തെളിയിക്കുകയായിരുന്നില്ല മറിച്ച് ദൈവനിയോഗമാകുന്നു എന്നുള്ളതിന് അടയാളമാണ് ഈ പ്രവർത്തനങ്ങൾ. ഒരാളിന്റെ ദൈവത്വം അത്ഭുതങ്ങൾ വഴി തെളിയിക്കാൻ കഴിയുന്നതല്ല. ഒരാളിന്റെ ദൈവീക വ്യക്തിത്വം അംഗീകരിക്കുന്നത് വിശ്വാസത്തിന്റെ ഭാഗമാണ്. സാധാരണ നടക്കുന്ന എല്ലാ സംഭവങ്ങളും ദൈവത്തിന്റെ പ്രവർത്തനങ്ങളാണ്. സൂര്യന്റെ ഉദയവും അസ്തമയവും മഴയും മഞ്ഞും കൊടുങ്കാറ്റും ഭൂകമ്പവും പട്ടിണിയും ക്ഷാമവും എല്ലാം ദൈവത്തിന്റെ പ്രവർത്തിയാണ്. ബൈബിളിൽ നാം കാണുന്ന ദൈവം, പ്രപഞ്ചത്തെയും ചരിത്രത്തെയും നിയന്ത്രിക്കുന്നവനാണ്. അതിനാൽ ബൈബിളിൽ അത്ഭുതങ്ങൾ എന്നു വിശേഷിപ്പിച്ചിരിക്കുന്നത് വിസ്മയത്തിന്റെ അംശമായിട്ടല്ല അടയാളത്തിന്റെ അംശമായിട്ടാണ്. അസാധാരണമായ വിശ്വാസത്തിന്റെ ഉടമയായൊരു ശതാധിപനെ മത്തായി സുവിശേഷത്തിൽ നാം കാണുന്നുണ്ട്.

ഇവിടെ നാം കാണുന്നത് കുറെ വിശ്വാസ സംഹിതകളെ അംഗീകരിക്കുന്നതല്ല ദൈവീക ജീവനിലുള്ള പങ്കാളിത്തമാണ് അവന്റെ വിശ്വാസം. ദൈവവും മനുഷ്യനും ഒന്നായിത്തീരുന്ന അനുഭവമാണ് വിശ്വാസം.

ദെസ്തയെവിസ്കി എന്ന ഒരു ഫിലോസൊഫർ പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്: ''അത്ഭുതങ്ങൾ വിശ്വാസത്തെ ജനിപ്പിക്കുകയല്ല, വിശ്വാസം അത്ഭുതങ്ങളെ ജനിപ്പിക്കുകയാണ്''. നാം എങ്ങനെയുള്ളവരായിരിക്കണമെന്നും നമ്മുടെ വിശ്വാസം എപ്രകാരമായിരിക്കണമെന്നും ദൈവത്തെ അനുധാവനം ചെയ്യുന്നവർ എന്ന നിലയിലുള്ള പ്രവർത്തനങ്ങൾ ഏത് തരത്തിലുള്ളവ എന്നും നാം തന്നെ തീരുമാനിക്കണം.

സമ്മർ വെക്കേഷനിൽ നാട്ടിൽ പോയിട്ടുള്ള എല്ലാവർക്കും സന്തോഷകരമായ നാളുകളും സൗഖ്യത്തോടു കൂടിയ മടങ്ങിവരവും ആശംസിച്ചുകൊള്ളുന്നു. യുവജന പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങൾക്കും അനുഗ്രഹപ്രദമായ സമ്മർ ആശംസിക്കുന്നു.

റവ. ജേക്കബ് ജോൺ മുല്ലയ്ക്കൽ
ഇടവക വികാരി

വചന ധ്യാനം




# ഹാ മായ... മായ... സകലവും മായ

**ജിലേഷ് ചെറിയാൻ**

നിന്റെ ഹൃദയത്തിൽ നിന്ന് വ്യസനം അകറ്റി, നിന്റെ ദേഹത്തിൽ നിന്ന് തിന്മ നീക്കികളയുക, ബാല്യവും യൗവനവും മായയത്രേ...... (സഭാപ്രസംഗി 11:10)

യിസ്രയേലിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ ജ്ഞാനിയും, സമ്പന്നനും, പ്രശസ്തനും ആയ രാജാവായിരുന്നു സഭാപ്രസംഗി അഥവാ ശലോമോൻ. അദ്ദേഹം സൂര്യനു കീഴെയുള്ള എല്ലാറ്റിനേയും മാനുഷിക മുഖത്തോട് നോക്കി, അതുമുഴുവനും പൊള്ളത്തരമെന്ന് കണ്ടെത്തുന്നു. മനുഷ്യഹൃദയത്തിൽ ദൈവംതന്നെ സൃഷ്ടിച്ചിട്ടുള്ള ഒരു ശൂന്യസ്ഥലം ഉണ്ട്. ദൈവത്തിനല്ലാതെ മറ്റൊന്നിനും അതായത് അധികാരം, സമ്പത്ത്, സുഖം, പ്രശസ്തി എന്നിങ്ങനെ യാതൊന്നിനും തന്നെ ആ ശൂന്യതയെ നിറയ്കാൻ സാധ്യമല്ല.

ഇന്ന് നാം ഈ ലോകത്തിൽ കാണുന്നതൊക്കെയും ഒരുതരത്തിൽ പറഞ്ഞാൽ മായ ആണ്. സൂര്യനു കീഴെയുള്ള എല്ലാം തന്നെ മായ. ഇന്നത്തെ തലമുറ മായയായ ലോകത്തിന്റെ പിടിയിലാണ്. ഒരുതരം മാന്ത്രികപ്രപഞ്ചം തന്നെ അവർക്ക് മുൻപിൽ തുറന്നിട്ടിരിക്കുന്നു. ഇപ്പോൾ ആകട്ടെ ഇതിൽ ഏത് തിരെഞ്ഞെടുക്കണം എന്നുള്ളതാണ് അവരുടെ പ്രശ്നം. ‘‘സഭാപ്രസംഗി’’ പുസ്തകത്തിൽ തന്നെ 37 പ്രാവശ്യം ‘‘മായ’’ എന്ന പദം പ്രയോഗിച്ചിട്ടുണ്ട്.

തന്റെ യൗവനക്കാലത്തിൽ സൃഷ്ടാവിനെ അറിയുവാനുള്ള ഒരു മുന്നറിയിപ്പ് സഭാപ്രസംഗി 12–ാം അദ്ധ്യായത്തിലൂടെ നമ്മെ ഓർമ്മിപ്പിക്കുന്നു. ഇന്നത്തെ തലമുറ വിവിധ പ്രശ്നങ്ങളുടേയും, ഭാരങ്ങളുടേയും, വേദനകളിലൂടെയും ആണ് കടന്നുപോകുന്നത്. മദ്യം, മയക്കുമരുന്ന്, മനുഷ്യ മനസാക്ഷിയെ വെറുപ്പിക്കുന്ന തരത്തിലുള്ള കുറ്റകൃത്യങ്ങൾ, ലൈംഗിക അരാജകത്വം, ഇന്റർനെറ്റിന്റെ അതിപ്രസരം, മൊബൈൽ ഫോൺ ഉപയോഗം, എന്നിങ്ങനെ നമ്മുടെ യുവത്വത്തെ കാർന്നു തിന്നുന്ന ഇത്തരം നിരവധി പ്രശ്ന സങ്കീർണ്ണമായ ഒരു മായാലോകത്തിലാണ് ഇന്നത്തെ തലമുറ. യൗവനകാലം, മനുഷ്യജീവിതത്തിന്റെ അതിപ്രധാനമായ ഒരു കാലഘട്ടം തന്നെ ആണ്. നമ്മുടെ മുൻപോട്ടുള്ള ജീവിതത്തെ എങ്ങോട്ട് വേണമെങ്കിലും വളയ്ക്കുവാൻ കഴിയുന്ന പ്രായം, നല്ലതും, ചീത്തയും തിരഞ്ഞെടുക്കുവാനുള്ള സമയം, നന്മ തിന്മകളെ തിരിച്ചറിയുന്ന പ്രായം, ഇവിടെ ഈ തലമുറയ്ക്ക് എങ്ങനെയാണ് നന്മയുടെ പാതയിലേക്ക് നയിക്കുവാൻ സമൂഹത്തിനു കഴിയുന്നത്? അവൻ / അവൾ അഭിമുഖീകരിക്കുന്ന നിരവധി പ്രശ്നങ്ങൾ, അത്തരത്തിലുള്ള ഒരുപാട് ചോദ്യങ്ങൾ നമുക്ക് മുൻപിലേക്ക് തരുകയാണ്. പലതരത്തിലുള്ള ചിന്തകൾ ഈ പ്രായത്തിൽ അവരുടെ മനസ്സിലൂടെ കടന്നുപോകുന്നു.

**1) An Identity Crisis: Who am I?**: ഇങ്ങനെ ഒരു ചോദ്യം ഇന്നിന്റെ പുത്തൻ തലമുറയ്ക്ക് മുമ്പിൽ ഒരു ഉത്തരം കിട്ടാത്ത ചോദ്യമായി നിലകൊള്ളുന്നു. ഞാൻ ആര്?, എന്റെ ചിന്തകൾ, എന്റെ പ്രവർത്തികൾ, എന്റെ കൂട്ടുകാർ, എന്റെ ഭാവി നാളെ എന്താകും, ഇവിടെയൊക്കെ ഞാൻ എങ്ങനെയാണ്, സമൂഹം അല്ലെങ്കിൽ സഭ എങ്ങനെയാണ് തങ്ങളെ അംഗീകരിക്കുന്നത്, എന്നിങ്ങനെ ഒരു നൂറു ചോദ്യങ്ങൾ അവനെ ശാരീരികമായും, മാനസികമായും മുറിപ്പെടുത്തുന്നു. ദൈവീകചിന്തയിൽ നോക്കുകയാണെങ്കിൽ, നാം ഉരുവാകുന്നതിനു മുൻപേ നമ്മെ അറിഞ്ഞവനായ ഒരു ദൈവം ആണ് നമ്മുടെ ദൈവം, ഇവിടെ ഞാൻ ആര്? എന്നുള്ള ചോദ്യത്തിനു പ്രസകതി ഇല്ല, നാം എല്ലാം ദൈവത്തിന്റെ മക്കൾ ആണ്. ഈ വിശ്വാസം എന്നും നമ്മോട് കൂടെ ഉണ്ടായിരിക്കണം.

**2. Lack of self confidence and low self esteem: I am worthless:** ദൈവം എല്ലാവർക്കും ഒരുപോലെ കഴിവുകളെ കൊടുത്തിട്ടില്ല. നമ്മിൽ പല കഴിവുകളും ഒളിഞ്ഞ് കിടപ്പുണ്ട്, അതിനെ ദൈവീകപദ്ധതിയിലൂടെ, അനേകർക്ക് വെളിച്ചമായി പ്രകാശിക്കാൻ നമുക്ക് കഴിയും, കഴിവില്ലാത്തവർ എന്ന് സമൂഹം വിലയിരുത്തിയ അനേകരേ ദൈവം എടുത്ത് ഉപയോഗിച്ചതായി നാം വേദപുസ്തകത്തിൽ കണ്ടിട്ടുണ്ട്. ഉദാഹരണത്തിനു മോശ – തടിച്ച നാവും, വിക്കുള്ളവനും ആയ മോശയെ ഒരു ജനതയെ മുഴുവനും നയിക്കുവാൻ ദൈവം നിയോഗിച്ചു. യിരമ്യാവ് – ഒരു ബാലൻ ആയിരുന്ന യിരമ്യാവിനെ ദൈവം എടുത്ത് ഉപയോഗിച്ചു. യേശുവിന്റെ ശിഷ്യന്മാർ വെറും മീൻ പിടിത്തക്കാർ ആയിരുന്നു. അതുകൊണ്ട് സ്വന്തം കഴിവുകളിൽ നാം വിശ്വസിക്കുക, സാത്താൻ നമ്മളിൽ വസിക്കുവാൻ ഇടകൊടുക്കരുത്.

**3. A sense of hopelessness: Where am I going?:** തിന്മ നിറഞ്ഞ ഈ ലോകത്ത് പാപം തേടി അലയുന്ന തലമുറ ആണ് ഇന്നിന്റെ ശാപം, തിന്മയുടെ ഫലം തേടി ഉള്ള മനുഷ്യന്റെ യാത്ര അങ്ങ് ഏദനിൽ തുടങ്ങിയതാണ്. ദൈവകൽപ്പനകൾ അനുസരിച്ച് നടക്കാൻ മോശയ്ക്ക് കൽപലകകളിൽ നിയമപ്രമാണം എഴുതി നൽകി, എന്നിട്ടും ദൈവത്തെ ആരാധിക്കുവാൻ യിസ്രയേൽ ജനത ശ്രമിച്ചില്ല, പകരം ബാൽ വിഗ്രഹത്തെ ഉണ്ടാക്കി അതിൽ അവർ ആനന്ദം കണ്ടെത്തി. ഇന്നിന്റെ തലമുറയും ആഗ്രഹിക്കുന്നത് നവീന ആരാധനാരീതികളുമായി മുൻപോട്ട് പോകുവാൻ ആണ്. ആവർത്തനപുസ്തകം 32: 17–18 വാക്യങ്ങളിൽ ഇത്തരം ആരാധാനാരീതികളെ കുറിച്ച് പറയുന്നുണ്ട്. യൗവനകാലം, ഇവിടെ ആണ്, നാം നമ്മുടെ യാത്ര എങ്ങോട്ട് എന്നു തീരുമാനിക്കപ്പെടേണ്ടിയിരിക്കുന്നത്, പ്രതീക്ഷ നക്ഷ്ടപ്പെട്ട യുവത്വം, ഇനി എന്ത്? ഇനി എങ്ങോട്ട് ? എന്ന് ആലോചിച്ച് നിൽക്കുകയാണ്. നേരായ വഴി തിരെഞ്ഞെടുക്കേണ്ടത് ഒരു നല്ല ദൈവപൈതലിന്റെ ലക്ഷണമാണ്.

**4. Confusion and ambiguity concerning moral issues: What is right and wrong?:** തെറ്റും, ശരിയും..... ഏത് തിരെഞ്ഞെടുക്കണം. അത് എങ്ങനെ തിരിച്ചറിയും? നമ്മുടെ സുഹൃത്ബന്ധങ്ങൾ എത്രത്തോളം നമ്മുടെ ജീവിതത്തിൽ സഹായകരമായിട്ടുണ്ട്, പലപ്പോഴും തെറ്റായ തീരുമാനങ്ങൾ എടുത്തപ്പോഴും, തിന്മയുടെ വഴി തിരഞ്ഞെടുത്തപ്പോഴും, ലോകത്തിന്റെ മായാവലയത്തിനുള്ളിൽ എത്തപ്പെട്ടപ്പോഴും എങ്ങനെ ഉള്ള കൂട്ടുകാർ ആയിരുന്നു നമ്മോടൊപ്പം ഉണ്ടായിരുന്നത് എന്ന് ഒന്നു ചിന്തിച്ച് നോക്കുക, ഇവിടെ നല്ല ബന്ധങ്ങൾ വളർത്തിയെടുക്കാൻ നാം ശ്രമിക്കണം. യേശു എന്നും നമ്മുടെ ഒരു നല്ല കൂട്ടുകാരൻ ആയി നമ്മോടൊപ്പം ഉണ്ടാകേണ്ടത് ഇത്തരം

സാഹചര്യങ്ങളിൽ നല്ലതാണ്. നന്മയുടെ വഴി തിരഞ്ഞെടുക്കുവാൻ, നമ്മുടെ ഭാവിജീവിതം മനോഹരമായി തീരുവാൻ, എന്നും നല്ലത് മാത്രം തിരഞ്ഞെടുക്കുവാൻ ദൈവമേ നീ എന്റെ നല്ല കൂട്ടുകാരൻ ആയി കൂടെ ഉണ്ടാകണമേ എന്നു നമുക്ക് പ്രാർത്ഥിക്കാം.

**5. The negative impact of the electronic media: Entertainment?:** അവസാനമായി ഇന്നത്തെ ലോകം ചതിക്കുഴികളിൽ നമ്മെ വീഴ്ത്തുവാൻ ഏതൊക്കെ മാർഗ്ഗങ്ങൾ ആണ് അവലംബിച്ചിട്ടുള്ളത്. ആധുനിക വാർത്താമാധ്യമങ്ങൾ നാം ചിന്തിക്കുന്നതിനു ഒക്കെ അപ്പുറമായി ഇന്ന് വളർന്ന് കൊണ്ടിരിക്കുന്നു. എങ്ങോട്ട് തിരിഞ്ഞാലും സാത്താൻ അലറുന്ന സിംഹം പോലെ പാഞ്ഞടുക്കുന്നു. ആധുനിക മാർഗ്ഗങ്ങൾ നമുക്ക് ആവശ്യം ഇല്ല എന്നല്ല ഇവിടെ പറയുന്നത്. എല്ലാം നമുക്ക് ആവശ്യമാണ്. എന്നാൽ നാം പോലും അറിയാതെ നമ്മെ തെറ്റിൽ കൊണ്ടെത്തിക്കുവാൻ ഇന്റർനെറ്റ്, മൊബൈൽ ഫോൺ, സോഷ്യൽ നെറ്റ് വർക്കുകൾ, എന്നിവയ്ക്ക് കഴിയുന്നു. നാം പലപ്പോഴും നമ്മുടെ അത്യാവശ്യസംശയങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നത് "ഗൂഗിൾ" എന്ന ഇന്റർനെറ്റ് ബ്രൗസിംഗ് സമ്പ്രദായത്തിലൂടെ ആണ്, അവിടെ പോലും നമ്മെ ആകർഷിക്കുവാൻ പലതരം സൈറ്റുകൾ ലഭ്യമാണ്, നാം അന്വേഷിക്കുന്ന വിവരങ്ങൾക്കുള്ളിൽ തന്നെ നമ്മെ ആകർഷിക്കുവാൻ അനേക വെബ് സൈറ്റുകൾ അവിടെയുണ്ട്. ഒരു ചെറിയ മനം മാറ്റം മതി, തെറ്റിന്റെ ആഗാധതയിലേക്ക് നമ്മെ കൊണ്ടെത്തിക്കും തിന്മ നമ്മെ തേടിവരുന്ന ഒരു ലോകത്ത് ആണ് നാം ജീവിക്കുന്നത്. അതുകൊണ്ട് ഇത്തരം ചതിക്കുഴികളിൽ വീഴാതിരിക്കുവാൻ ദൈവമക്കളായ നമുക്ക് പൂർണ്ണ ഉത്തരവാദിത്വം ഉണ്ട്. ശ്രദ്ധിയ്ക്കുക, മനുഷ്യാ നല്ലത് എന്തെന്ന് അവൻ നിനക്ക് കാണിച്ച് തന്നിരിക്കുന്നു ന്യായം പ്രവർത്തിക്കുവാനും ദയാതൽപ്പരനായിരിക്കുവാനും നിന്റെ ദൈവത്തിന്റെ സന്നിധിയിൽ താഴ്മയോടെ നടക്കുവാനും അല്ലാതെ എന്താകുന്നു യഹോവ നിന്നോട് ചോദിക്കുന്നത് (മീഖാ 6:8).

പ്രിയമുള്ളവരെ, നമുക്ക് പ്രവർത്തിക്കുവാനും, അദ്ധ്വാനിക്കുവാനും, സമയം ഉള്ളപ്പോൾ ദൈവികകാര്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുക, യൗവനകാലം നിന്റെ സൃഷ്ടാവിനെ മറക്കാൻ ഉള്ളതല്ല, നിനക്ക് ഇഷ്ടമുള്ള വഴികളിലും, നിനക്ക് ബോധിച്ച വണ്ണവും നടന്ന് കൊള്ളുക, എന്ന വേദപുസ്തകത്തിലെ വാക്യം ഇതിനെ അനുസ്മരിപ്പിക്കുന്നതാണ്. നവീന സാങ്കേതികവിദ്യകളും, ആധുനികതയും, തെറ്റുകൾ ചെയ്യാൻ മാത്രമെ നമ്മെ സഹായിക്കൂ. നന്മയേതെന്നും, തിന്മയേതെന്നും തിരഞ്ഞെടുക്കേണ്ടതിന്റെ പൂർണ്ണ ഉത്തരവാദിത്തം നമുക്കു തന്നെ ആണ്. ഒരു നല്ല നാളയേ സ്വപ്നം കണ്ട്, ഒരു നല്ല സമൂഹത്തിൽ നല്ല തലമുറയെ വാർത്തെടുക്കുവാൻ നമ്മെ ഏവരേയും ദൈവം സഹായിക്കട്ടെ എന്നു ഈ അവസരത്തിൽ പ്രാർത്ഥിക്കുന്നു. ഈ ലോകം മായ ആണ്, സകലവും മായ, സൂര്യനു കീഴെ നടക്കുന്ന സകല പ്രവർത്തികളും മായയും വൃഥാപ്രയത്നവും അതെ എന്ന് സഭാപ്രസംഗി ആവർത്തിച്ച് പറയുന്നു. വളവുള്ളത് നേരെ ആക്കുവാൻ വയ്യാ, കുറവുള്ളത് എണ്ണിതികയ്ക്കുവാനും വയ്യാ (സഭാപ്രസംഗി 1:14–15) ഇവിടെ ജ്ഞാനിയായ സഭാപ്രസംഗി ഈ പുസ്തകം അവസാനിപ്പിക്കുന്നത് തന്നെ " ദൈവത്തെ ഭയപ്പെട്ട് അവന്റെ കൽപ്പനകളെ പ്രമാണിച്ച്കൊള്ളുക, അത് ആകുന്നു സകല മനുഷ്യർക്കും വേണ്ടുന്നത്, ദൈവം നല്ലതും തീയതുമായ സകലപ്രവർത്തികളേയും സകല രഹസ്യങ്ങളേയുമായി ന്യായവിസ്താരത്തിലേക്ക് വരുത്തുമല്ലോ". ആകയാൽ ഒരു ന്യായവിസ്താരം ഉണ്ട് എന്നു ഓർത്തുകൊള്ളുക. വരുംകാലങ്ങൾ നന്മയുടേതായി മാത്രം തീരട്ടെ എന്നു ആശംസിക്കുന്നു.

# Beautiful Angel

Ashley Mary Biju




I knew a beautiful angel,
She has 2 little wings
She shines when she smiles
She was singing in the nature

She sat on a swing and sung a song which made me happy and cool. Her voice was nice that we forget ourselves.

Her dress was white as snow which attract us so. Even trees and flowers would talk to her.

After some time a few drops into the earth and she was disappeared. I ran after her but I didn't see anyone. Now I am thinking, Is it a dream or natural? If it is a dream then, I want to see it once more.

GOD Almighty has sent His angel arround us to protects us from dangers. When He smiles, our face shines, He makes us happy and cool.

## Information Counter

യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ വിശുദ്ധ ആരാധനയ്ക്ക് ശേഷം സഭയുടെ പിൻഭാഗത്ത് പ്രവർത്തിച്ചു വരുന്ന ഇൻഫർമേഷൻ കൗണ്ടർ വഴി ജോലി ഒഴിവുകളും, ജോലി ആവശ്യക്കാരുടെ വിവരങ്ങളും പരസ്പരം കൈമാറി വരുന്നു. ഇതിന്റെ സേവനം പരമാവധി പ്രയോജനപ്പെടുത്താൻ അഭ്യർത്ഥിക്കുന്നു.

# Our Teenagers Views

Prepared by: Shine Samuel

***Participants are:***

Besley Jones Jacob studying in 12th Standard
Nikhil P John studying in 11th Standard.
Liya Mareena Sam studying in 12th Standard.
Ajith Roy studying in 11th Standard
Reuben Alex
Ronish George John studying in 10th Standard.

***Opinion about our church:***

As per Besley, the church members are spiritually bound to each other; they are interactive, gathering in fellowships (choir, youth, aalmaya etc.)

Nikhil thinks that our church is one among the biggest Congregations of UAE. Church members are involved in various fellowships to strengthen the spirituality.

Liya believes that our church is spiritually bound and has a pleasant atmosphere.

Ajith is of the opninion that our church is very active in all fields. All different groups such as youth movement, womens fellowship takes active parts in strengthening the fellowships.

Rueben feels that our church is very actively involved in the betterment of the society because he attends church every week and witnesses the activities of the church.

As per Ronish our church is fine but Sunday school needs to improve more.

***View towards church youth fellowships:***

Besley says that the church youth fellowship is involved in various activities like blood donations, medical camps, funding for 2 church constructions in Kerala, Andhra mission. According to him, Youths are the cornerstones of our church.

Nikhil informs that the Youth fellowship is doing a very good job. He also agrees that they are involved in many activities and feels that their gesture of bringing out edition of youth times as teenagers' special is really commendable.

Liya thinks that the Youth fellowship is very active and offers a helping hand towards the needy.

Ajith considers the Youth fellowship as a very relevant section of our church and feels that they are always seen being enthusiastically involved in some activity or other.


Rueben describes the Youth fellowship as nice and full of fun.

Ronish does not seem to know much about the youth movement and hence did not share any views in particular.

---- Continuation to Page No. 12 ---

# GOD'S COLOURFUL WORLD

Geethu Acsa Abraham



*Spring..................the time when nature is adorned by the blooming flowers and butterflies fluttering around them. The time when we realize God's amazing imagination and creativity, each flower is different and special. God didn't choose a single design or a single colour to paint the world. If He did we would have been stuck with red grass, red sky, red hills and what not!!!!!!!!!!! He used different colours and shapes when he made flowers, animals and also the crown of creation, the man. Each and every person is moulded and made carefully by God's own hand. Each person God made is unique and there is no one like that person. Each one that God made is special and dear to Him. God wants us to love each other, and to be at loggerheads. We must accept each other's differences and be one in Christ. We should not let anything be it racial differences, status or language be a stand in our way. A person with disability is in no way less important to God than you are to God. It may be true that his/her ability to walk or talk maybe marred however people with disabilities are found to be extremely gifted in any other field let it be music, maths or art.*

*We must not allow appearances to deceive us. You may never know how a person is until you know them close. Great clothes, style or money should not be the benchmark to judge a person. We really need to look at the inside of a person, rather than their appearance. One may look like a really good person but inside may be full of malice and dishonesty. Bible says God looks at the inside of a men and not their appearance. Nowadays one are identified by their clothes and based on that they are "in" or "out" of a group. At the end of the day, each one has somewhat same kind of needs, so why create differences? The world should come together as one for people to live in peace and harmony. And for the world to come as 1, each one should realize that togetherness is better and should put aside their differences.*

കവിത


# അമ്മ



ജോജി വർഗ്ഗീസ്

ഒരുപാട് സ്നേഹം തന്ന അമ്മ
ഒരുപാട് താരാട്ട് പാടി ഉറക്കിയ അമ്മ
പിഞ്ചുകൈ പിടിച്ച് പിച്ച വയ്ക്കാൻ പഠിപ്പിച്ച അമ്മ
എന്നും നന്മക്കായി പ്രാർത്ഥിക്കുന്ന അമ്മ
സ്നേഹമുത്തിന്റെ പൊൻതളിക എത്ര എരിഞ്ഞുകത്തിയാലും
വറ്റാത്ത സ്നേഹ ദീപമാണമ്മ

ബാല്യത്തിൽ നേർവഴി കാണിച്ചു തന്ന അമ്മ
എന്നും ഒരു സാന്ത്വനമാകുന്ന അമ്മ
എന്നും അമ്മതൻ ചാരെയിരിക്കുവാൻ മോഹം
കാലങ്ങൾ രൂപത്തിൽ മാറ്റങ്ങൾ തന്നു
അമ്മതൻ സ്നേഹം അന്നും ഇന്നും ഒരു പോലെ......




## യൂത്ത് പ്രോജക്ട്



ഷാർജ യുവജനപ്രസ്ഥാനത്തിന്റെ പ്രോജക്ട് ആയി രണ്ട് പള്ളികൾ നിർമ്മിച്ച് നൽകുവാൻ ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തതിൻ പ്രകാരം ഈസ്റ്റ് കേരള ഡയോസിസിൽ കുളമാവിയിലും, നോർത്ത് കേരള ഡയോസിസിൽ ചൊരക്കളത്തും ദേവാലയങ്ങൾ നിർമ്മിക്കുവാൻ തിരഞ്ഞെടുക്കുകയും അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. എന്നാൽ കുളമാവ് പള്ളിപ്പണിയ്ക്ക് നേരിട്ട തടസങ്ങൾ കാരണം അടിസ്ഥാനത്തിന്റെ പണിയോടെ നിർത്തി വയ്ക്കുകയും ഈസ്റ്റ് കേരള ഡയോസിസിലെ കാട്ടോലി പള്ളിപ്പണി ആരംഭിക്കുകയും ചെയ്തു. കാട്ടോലി പള്ളിയുടെ അടിസ്ഥാനം വരെയുള്ള പണികൾ പൂർത്തിയായ വിവരം സന്തോഷത്തോടെ അറിയിക്കുന്നു. ഇതിന് നേരിടുന്ന തടസ്സങ്ങൾ പൂർണ്ണമായും മാറുന്നതിനും എത്രയും പെട്ടെന്ന് പണികൾ പൂർത്തീകരിക്കുന്നതിനും ഓരോരുത്തരുടെയും പ്രത്യേക പ്രാർത്ഥന അഭ്യർത്ഥിക്കുന്നു.

ചെറുകഥ



# കർത്താവിന്റെ വെളിച്ചം

റിന്ന ഹാരിസ്

തോമസ്, +1 വിദ്യാർത്ഥിയാണ്. അച്ഛൻ, അമ്മ, അനുജത്തി എന്നിവർ അങ്ങുന്ന ഒരു ചെറിയ കുടുംബം. തോമസ്സ് ക്ലാസ്സിൽ ഒന്നാമനായിരുന്നു. പട്ടണത്തിലാണ് തോമസ്സ് പഠിക്കുന്നത്. അച്ഛൻ കൃഷിക്കാരൻ, അമ്മ അടുത്ത വീടുകളിൽ വീട്ടുവേല ചെയ്യാൻ പോകുമായിരുന്നു. തോമസ്സ് എന്തുകാര്യം ചെയ്യുന്നതിനു മുമ്പ് കർത്താവിനോട് ചോദിക്കുമായിരുന്നു. അതുകൊണ്ട് അവൻ കർത്താവിന് പ്രീയപ്പെട്ടവനായിരുന്നു.

തോമസ്സിന്റെ ക്ലാസ്സിൽ തോമസ് മാത്രമാണ് പാവപ്പെട്ട കുടുംബത്തിൽ നിന്ന് വരുന്നത്. ബാക്കികുട്ടികൾ പണക്കാരുടെ മക്കളാണ്. ക്ലാസിലെ ഒരുകൂട്ടം കുട്ടികൾ മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും അടിമയായിപ്പോയി. ഈ കാര്യം അവന്റെ മനസിൽ വല്ലാതെ ഭീതി ഉണ്ടാക്കി. സ്വന്തം കൂട്ടുകാരാണ് ലഹരിയുടെ അടിമയായത്. അവൻ കൂട്ടുകാരുടെ വീട്ടിലെ കാര്യങ്ങൾ ഓർത്ത് വിഷമിച്ചിരുന്നു. തോമസ് ഈ കാര്യം പള്ളിയിലെ വികാരിയോട് പറഞ്ഞു. പക്ഷെ വികാരി തിരിച്ചു പറഞ്ഞു "അവരൊക്കെ വലിയ പണക്കാരുടെ മക്കളാണ് അവര് അവരുടെ ഇഷ്ടം പോലെ ചെയ്യട്ടെ. നീ നിന്റെ കാര്യം നോക്കിയാൽ മതി". പക്ഷെ തോമസിന് അവന്റെ കുട്ടുകാരെ ഈ ലഹരികളുടെ ലോകത്തിൽ നിന്ന് മാറ്റണം എന്നേ ഉണ്ടായിരുന്നുള്ളു.

തോമസ് ഒരു ദിവസം ക്ലാസ് കഴിഞ്ഞ് വരുമ്പോൾ അവൻ ഒരു പ്രസംഗം കേട്ടു.അതിൽ അവനെ ആകർഷിച്ച ഒരു വാക്യം ഉണ്ടായിരുന്നു. "ദൈവത്തെ കരഞ്ഞു വിളിക്കുന്നവരെ അവൻ ഒരിക്കലും കൈവിടില്ല" എന്ന്. അവൻ വീട്ടിൽ എത്തി കഴിഞ്ഞതിനു ശേഷം അവൻ കേട്ട പ്രസംഗത്തെ കുറിച്ച് ഓർത്തു. അവസാനം ഒരു തീരുമാനം എടുത്തു. തീരുമാനം എന്തെന്നാൽ "ഇനി മുതൽ തോമസ്, അവന്റെ കൂട്ടുകാർക്ക് വേണ്ടി മുട്ടിന്മേൽ നിന്ന് കരഞ്ഞ് പ്രാർത്ഥിക്കും" എന്ന്.

തോമസ് രാവിലെയും രാത്രിയും സ്വന്തം കൂട്ടുകാർക്ക് വേണ്ടി കരഞ്ഞു പ്രാർത്ഥിക്കാൻ തുടങ്ങി. ദിനംതോറും അവൻ ക്ലാസിൽ പോയി വരുമ്പോൾ സന്തോഷവാനായി ആണ് വരുന്നത് കാരണം കർത്താവ് തോമസിന്റെ പ്രാർത്ഥന കേൾക്കാൻ തുടങ്ങി. ഒരു മാസത്തിനകം തോമസിന്റെ കൂട്ടുകാർ മയക്കുമരുന്നും മദ്യവും വിട്ടു.

ഒരു ദിവസം തോമസിന്റെ അമ്മ തോമസിന്റെ കൂട്ടുകാരുടെ അടുത്തുപോയി കർത്താവാണ് നിങ്ങളെ മയക്കുമരുന്നിൽ നിന്നും മദ്യത്തിൽ നിന്നും രക്ഷപ്പെടുത്തിയത്. എന്റെ മോൻ തോമസ് നിങ്ങൾക്ക് വേണ്ടി കരഞ്ഞു പ്രാർത്ഥിക്കാത്ത ഒരു ദിവസം പോലും ഇല്ല, അത് കൂട്ടുകാരുടെ കണ്ണ് നനയിച്ചു. കാരണം കൂട്ടുകാർ തോമസ് പാവപ്പെട്ടവനാണെന്ന കാര്യം കൊണ്ട് തോമസിനെ കുറെ ഉപദ്രവിച്ചിരുന്നു. ഇത്

കേട്ടതും കൂട്ടുകാർ തോമസിന്റെ അടുക്കൽ വന്ന് തോമസിനെ കെട്ടി പിടിച്ച് കരഞ്ഞു. അവർ പറഞ്ഞു ഞങ്ങൾ നിന്നെ കുറെ ഉപദ്രവിച്ചു പക്ഷെ നീയോ ഞങ്ങളെ സ്നേഹിച്ചു. നശിച്ചുപോകുമായിരുന്ന ഞങ്ങളെ നീ കാത്തു. നന്ദി, വളരെയധികം നന്ദിയുണ്ട്. തോമസ് തിരിച്ച് പറഞ്ഞു "ഞാൻ അല്ല നിങ്ങളെ രക്ഷിച്ചത് എന്റെ കർത്താവാണ്. നിങ്ങളും കർത്താവിൽ വിശ്വസിച്ചാൽ നിങ്ങൾക്കും അവിടുത്തെ മഹത്വം കാണാം". ഈ വാക്കുകൾ കൂട്ടുകാരുടെ ജീവിതം മാറ്റി. ക്ലാസിൽ തോമസും കൂട്ടുകാരും നന്നായി പഠിക്കാൻ തുടങ്ങി.തോമസിന്റേയും കൂട്ടുകാരുടേയും അനുഭവ സാക്ഷ്യം അവിടുത്തെ നാട്ടുകാരെ കർത്താവിലേക്ക് കൂടുതൽ അടുപ്പിച്ചു. തോമസിന്റെ കൂട്ടുകാർ മുമ്പ് ദൈവത്തിൽ ആശ്രയിച്ചിരുന്നില്ല. പക്ഷെ ഇപ്പോൾ കൂട്ടുകാർ ദൈവത്തിൽ ആശ്രയിക്കാൻ തുടങ്ങി. എല്ലാ ഞായറാഴ്ചകളിലും തോമസ്സും കൂട്ടുകാരും പള്ളിയിൽ പോകാൻ തുടങ്ങി. തോമസ്സിന്റെയും കൂട്ടുകാരുടെയും അനുഭവസാക്ഷ്യം കൊണ്ട് ഒരു നാട് മുഴുവനും കർത്താവിന്റെ വഴിയിലൂടെ നടക്കാൻ തുടങ്ങി.

---- *Continuation from Page No. 8* ---

***The ways to strengthen the youth fellowship:***

Besley feels that teenagers should actively participate in youth meetings and other church programmes and they should be motivated in the right manner.

Nikhil feels that teenagers should participate in youth meetings and parents should encourage them in doing so. He also is of the opinion that teenagers should understand that youth meetings are not only meant for elders but also for them. Church youth should conduct activities like praise & worship, devotional songs sessions etc, which attract teenagers.

Liya thinks that teenagers should strengthen their bond between their friends so that they can know the problems of their friends and remember them in prayers.

Ajith believes that the faith and fellowship of the teenagers will be strengthened if they become genuinely interested in participating in youth meetings.

Rueben suggests that everyone should pray more and have the spirit of Christian fellowship which will in turn bring about an improvement in the activities.

Ronish suggests that inclusion of activities like Bible study will attract teenagers.

***Suggestion towards teenagers:***

Besley suggests that teenagers should show more involvement in church activities (youth fellowship, church choir etc) rather than involving in worldly activities,

Nikhil feels that the teenagers edition in youth times is a platform for them to share their views and hence they should use this opportunity to increase their involvement to strengthen our church youth.


Liya advises to believe in God, have strong faith and encourages all the teens to attend teenagers meeting regularly.

Ajith suggests that the teenagers should seek the help of right friends during trying times to be guided to the right path.

Rueben encourages everyone to pray more and not to indulge in bad activities.

Ronish feels that the right teaching should start from home and suggests that parents should be beginners to encourage children to go to church and read the Bible.

# Interview with Rev. Philip C Mathew



*Prepared By: Ruwi Mary Cherian, Besley Jacob*

A brief of the Interview with Rev. Philip C Mathew, Presbyter in-charge of Marthoma Parish Sharjah, who recently came to Sharjah, done by our teenagers. The interview build a platform to share experiences & understand each other. These valuable thoughts helps us to improve our social as well as spiritual life.

*1. Which is your native place?*

I'm from Vayalaththala in Pathanamthitta district, Kerala. My family name is Thadathil.

*2. Could you tell us something about your family?*

My father is Mr. C.P Mathew, mother Mrs. Thankamma Mathew. My wife is working in a Marthoma high school and I have two daughters. Elder daughter finished plus two and the younger one just entered plus one. I also have a brother in India.

*3. Can you share with us your education, especially theology studies?*

Primary education was from Vayalaththala School. I completed my pre degree and degree from St. Thomas College, Ranni. I did my Theology studies from Lenad Theological College, Jabalpur in Madyapradesh.

*4. How old were you when you become a priest? What was the inspiration which leads to HIS service?*

At the age of 27 I decided to serve the Lord. It has been 22 years now. The inspiration behind me making this decision was my parents. From childhood itself they guided me in becoming a strong believer. The prayers and blessings of my grandparents also helped me a lot.

*5. Can you tell us an unforgettable event in your Christian life?*

There are several events which stand out. However, one which I remember right now is about a lady living a bad life, rumored by society. This was when I was serving as a vicar at one of our church in Kerala. Everyone blamed her for the way she lived. It was only when I spoke to her that I understood her problems and helplessness. Though I did not try to justify her, I came to the conclusion that we should not judge anyone as sinners or spread rumors to hurt anyone. God loves sinners and our duty is to lead sinners to Gods way.

*6. Do you notice any difference in the spiritual life of our people when they move to U.A.E from Kerala?*

People in U.A.E lead a very stressful life. More than half of them are not secure in their job and have a lot of family issues. In terms of spiritual life I think the situation here is

much better. Even with their busy life style, people set aside time for church activities and attend divine service regularly. I'm happy that our people in UAE care and help others and believe that every blessing they have, is a gift of God.

*7. A great challenge faced by our teenagers now a days is the negative influence of technological revolution. Most of our teenagers become addicted to these technologies. What can the church do to guide them in the right direction?*

As time evolves, technology keeps on changing. We cannot stop that from happening. Technology plays a great role in our life. As with everything in life, technology advances have advantages and disadvantages. Because teens accept changes quicker than adults, there is a generation gap building up. Children imitate the actor's and crime scenes from movies. These influence them and direct them towards dangerous situations. Teenagers tend to think about life as they find in a movie. There are many worldly luxuries which teenagers can get addicted to but we should make sure that they do not deviate from the teaching of the church. The church is taking initiatives to bring them to the right path. Internet can also be used in good ways. For example, using internet for sending biblical stories, parables etc can help them improve their knowledge on the Bible. Parents and elders should try to understand teenagers. As time passes, teens will also change according to the trend. We should accept teens as an important part of our church. We can divide some of the church duties and responsibilities among them. We should encourage them to actively participate in the programs of our church and bring out their talents.

*8. Any suggestion to avoid the gap between teenagers and youth in our youth fellowship?*

Here in this Marthoma parish, we work as two groups - the Teenagers and the Youth. For Teenagers we have different programs like singing sections, showing video clippings, kids and teen meetings and also our Chaplain's Service is available for them 15 days a month. Our aim is to create an interest among the teenagers. For the Youth Movement, it is well organized with regular Bible classes, group discussions, singing sessions, prayer meetings etc. I must say that both groups coordinate their activities in such a way that the church and community benefits.

*9. Can you give some advice to our teenagers?*

Do not forget the duties towards your parents. No matter how educated you are, do not think you are better or greater than your parents. You should love and respect them always. Work hard in life and lead a Christian Life which is an open book and example to all.

***Dear Achen thanks for sparing time for CSI Youth Movement Sharjah. We wish and pray for all the success.***

# എങ്ങനെ നാം പ്രാർത്ഥിക്കണം?

## (How to Pray?)

Dr. Sally Jacob



കർത്താവായ യേശുക്രിസ്തു പരസ്യ ശുശ്രൂഷാവേളയിൽ ക്രൈസ്തവ വിശ്വാസി അവശ്യം മനസ്സിലാക്കേണ്ടുന്ന സത്യങ്ങളെ ഉപമകളിൽ കൂടെ പ്രസ്താവിച്ചിരിക്കുന്നതായി സുവിശേഷങ്ങളിൽ വിവരിച്ചിരിക്കുന്നു. പ്രധാനപ്പെട്ട ചില പ്രസ്താവനകൾ ഒന്നിൽ കൂടുതൽ പ്രാവശ്യം നല്കുന്നതായും കാണാൻ സാധിക്കുന്നുണ്ട്. സുവിശേഷങ്ങളിലെല്ലാം തന്നെ കർത്താവ് പ്രാർത്ഥനയെക്കുറിച്ച് പറയുന്നത് സവിസ്തരം എഴുതിയിരിക്കുന്നു. നാം മനസ്സിലാക്കേണ്ടതും ജീവിതങ്ങളിലൂടെ തലമുറകൾക്ക് കൈമാറേണ്ടതുമായ ആത്മീയ സത്യങ്ങൾ വിശുദ്ധ വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു.

മത്തായി 6:12–14, മർക്കൊസ് 11:22–26 എന്നീ സുവിശേഷ ഭാഗങ്ങളിൽ കർത്താവ് ശിഷ്യന്മാരുടെ ആഗ്രഹപ്രകാരം അവരെ പ്രാർത്ഥിക്കുവാൻ പഠിപ്പിക്കുന്നതായി കാണാൻ സാധിക്കുന്നു. ശിഷ്യഗണങ്ങളോട് "നിങ്ങൾ ഇവ്വണ്ണം പ്രാർത്ഥിപ്പിൻ" എന്നു പറഞ്ഞുകൊണ്ടാണ് പ്രാർത്ഥനയുടെ ആഴമേറിയ വിഷയങ്ങൾ നല്കുന്നത്.

**എങ്ങനെയാണ് പ്രാർത്ഥിക്കേണ്ടത്?**

മത്തായി 17:20 ലും ലൂക്കോസ് 17:6 ലും പറയുന്നത് വിശ്വാസത്തോടെ നാം എന്തു പ്രാർത്ഥിച്ചാലും അത് ലഭിക്കും എന്നാണ്. നമ്മുടെ വിശ്വാസത്തെ കർത്താവ് 'അല്പവിശ്വാസം' ആയിക്കാണാൻ ആഗ്രഹിക്കുന്നില്ല. മലകളെനീക്കുവാൻ തക്കവിശ്വാസമാണു നമുക്ക് ആവശ്യമായിട്ടുള്ളത്. (The faith which can remove mountains) വിശ്വസത്തോടെ പ്രാർത്ഥിക്കുമ്പോൾ തന്നെ ഒരു ഉത്തരവാദിത്തം കൂടെ നാം നിറവേറ്റേണ്ടതായിട്ടുണ്ട്. നമുക്ക് ആരോടെങ്കിലും നിരപ്പാകാനുണ്ടെങ്കിൽ (reconcilation) അത് പരിഹരിച്ചെങ്കിൽ മാത്രമേ പ്രാർത്ഥന ഫലകരമാകുകയുള്ളൂ എന്ന് വളരെ കർശനമായി കർത്താവ് പഠിപ്പിക്കുന്നു. ഫലവത്തായ പ്രാർത്ഥനയ്ക്ക് വിശ്വാസവും മറ്റുള്ളവരോടുള്ള നിരപ്പാകലും വളരെ ആവശ്യമാണ്.

വിശുദ്ധ മർക്കൊസിന്റെ സുവിശേഷത്തിൽ പ്രാർത്ഥനയെക്കുറിച്ച് പ്രതിപാദിക്കുന്ന ഭാഗമാണ് മർക്കൊസ് 11:22–26. പ്രാർത്ഥനയുടെ പ്രധാനപ്പെട്ട മൂന്ന് നിയമങ്ങൾ ഇവിടെ വിവരിക്കുന്നു.

**1. വിശ്വാസത്തോടെ പ്രാർത്ഥിക്കണം (It must be the prayer of Faith):**

യഹൂദന്മാരുടെ ഇടയിൽ സാധാരണ പറയാറുള്ള ഒരു ശൈലിയാണ് പർവത നിരാസം (Removing Mountains) പർവതങ്ങളെ നീക്കുക എന്നാൽ പ്രയാസങ്ങളെ ഇല്ലാതാക്കുക എന്നാണ്. പ്രഗല്ഭരായ അധ്യാപകർ തങ്ങളുടെ മുമ്പിൽ ശിഷ്യരായി വരുന്ന വിദ്യാർഥികളുടെ പ്രയാസമേറിയ പ്രശ്നങ്ങളെ നീക്കം ചെയ്യുമ്പോൾ അവരെ വിളിക്കുന്നത് mountain remover എന്നാണ്. കർത്താവ് നമ്മോട് ആവശ്യപ്പെടുന്നത് നമ്മുടെ മുമ്പിൽ ഉയർന്നു വരുന്ന എന്തുപ്രശ്നങ്ങളാണെങ്കിലും വലിയ പർവതമായി അത് അനുഭവപ്പെട്ടാലും വിശ്വാസത്തോടെ പ്രാർത്ഥിച്ചാൽ അത് നീങ്ങിപോകും എന്നാണു ("If we have real faith,prayer is a power which can solve any problem and make as able

to deal with any difficulty) ഇത് വളരെ എളുപ്പമായി നമുക്ക് തോന്നാം. എന്നാൽ ഇതിൽ രണ്ട് പ്രധാനഘടകങ്ങൾ അടങ്ങിയിരിക്കുന്നു.

ഒന്നാമതായി-പ്രശ്നങ്ങളെ ദൈവമുമ്പാകെ കൊണ്ടുവരുന്നതിനു മനസ്സുണ്ടാകുക. we should be willing to take our problems and our difficult to God. ഇത് ഒരു പരീക്ഷണമാണ്. പലപ്പോഴും നാം പ്രശ്നങ്ങളെ അഭിമുഖീകരിക്കുമ്പോൾ ഒരു സ്വയം നീതികരണം (self justification) നടത്തി അതിനെ കൈകാര്യം ചെയ്യാൻ ശ്രമിക്കാറുണ്ട്. നമ്മുടെ ബുദ്ധികൊണ്ടും സ്വാധീനംകൊണ്ടും, അതിനെ നിസാരവല്ക്കരിക്കാൻ ശ്രമിക്കുന്നു. എന്നാൽ ദൈവസന്നിധിയിൽ ആ പ്രശ്നം കൊണ്ടുചെല്ലാൻ നാം പലപ്പോഴും താമസിക്കുന്നു. മറ്റുള്ള പോംവഴികൾ വിഫലമാകുമ്പോൾ മാത്രമാണോ നാം കർത്താവിന്റെ സഹായം അന്വേഷിക്കേണ്ടത്? ഒരിക്കലുമല്ല, കർത്താവിന്റെ സന്നിധിയിൽ നാം താണിരിക്കുമ്പോൾ ദിവ്യമായ ആലോചന നമുക്ക് ലഭിക്കുന്നു. ഇതാണ് രണ്ടാമത്തെ ഘടകം. കർത്താവിന്റെ ആലോചന സ്വീകരിക്കാനുള്ള മനസ്സും നമുക്കുണ്ടായിരിക്കണം. "we should be ready to accept God's guidance when he given it". എന്നാൽ സാധാരണയായി നാം കാണാറുള്ളത്, ആഗ്രഹിക്കുന്നതെല്ലാം സാധിച്ചുകിട്ടുന്നതിന് മറ്റ് പോം വഴികൾ ആരായുന്നതായാണ്. ദൈവ സന്നിധിയിൽ നിന്ന് ആലോചന സ്വീകരിക്കുന്നത് ഒരു മഠയത്തമാണ് എന്ന് ചിലപ്പോഴെങ്കിലും ചിന്തിക്കാറുണ്ടോ? ആഗ്രഹിക്കുന്നതെല്ലാം സാധിക്കാതെ വരുമോ എന്ന സംശയം ചിലപ്പോഴെങ്കിലും നമ്മെ ദൈവസന്നിധിയിൽ നിന്ന് അകറ്റുന്നു. പല ബൗദ്ധികതലങ്ങളിലും സ്വാധീനവലയങ്ങളിലും പ്രശ്നപരിഹാരത്തിനുവേണ്ടി നാം സമീപിക്കുന്നു. എന്നാൽ അവയെല്ലാം പരിഹാരത്തിന് അപര്യാപ്തമാകുമ്പോഴാണ് യഥാർത്ഥമായി നാം ദൈവസന്നിധിയിലേക്ക് തിരിയുന്നത്. ദൈവത്തിൽ നിന്നും പരിശുദ്ധാത്മ ശക്തി ലഭിക്കുമ്പോൾ പ്രശ്നങ്ങളെ അതിജീവിക്കാൻ നമുക്ക് സാധിക്കുന്നു. അതിന് നാം പ്രാർത്ഥനയോടെ സമയം കണ്ടത്തേണ്ടതാണ്.

<u>2.പ്രതീക്ഷയോടെ പ്രാർത്ഥിക്കണം (It must be the prayer of expectation)</u>

പ്രതീക്ഷയില്ലാതെയുള്ള പരിശ്രമം വിജയ സാധ്യത കുറയ്ക്കുന്നു. ഒരു രോഗി ഡോക്ടറെ സമീപിക്കുമ്പോൾ ഡോക്ടറിലോ മരുന്നിലോ വിശ്വാസമില്ലാതെയാണെങ്കിൽ രോഗത്തിൽ നിന്നും വിമുക്തി നേടാനുള്ള സാധ്യത വളരെ കുറവാണ്. എന്നാൽ പൂർണ്ണമായ വിശ്വാസത്തോടെ (confident) ഡോക്ടറെ സമീപിക്കുന്ന രോഗിക്ക് വളരെ വേഗം സൗഖ്യം ലഭിക്കുന്നു.‘"when we pray, it must never be a formality. It must never be a ritual without hope" കർത്താവ് നമ്മോട് ആവശ്യപ്പെടുന്നത് ഒരു വിഷയത്തിനുവേണ്ടി പ്രാർത്ഥിക്കുന്നതിനു മുമ്പായി അത് നമുക്ക് ലഭിച്ചു എന്ന് വിശ്വസിപ്പിൻ എന്നാണ്. ഒരിക്കലും സംശയത്തോടെ നാം പ്രാർത്ഥനാവിഷയവുമായി ദൈവസന്നിധിയിൽ ചെല്ലരുത്. നമ്മുടെ തീക്ഷ്ണമായ ആഗ്രഹങ്ങളുടെ പൂർത്തികരണമാണ് ദൈവത്തിൽ നിന്നുള്ള മറുപടി എന്ന് നാം ചിന്തിക്കുന്നു. എന്നാൽ ദൈവത്തിൽ നിന്നും ലഭിക്കുന്ന മറുപടി നാം തിരിച്ചറിയണം. അതാണു നമുക്ക് ലഭിക്കുന്ന പ്രശ്നപരിഹാരം. ഇത് നാം മനസ്സിലാക്കിയേ തീരു.

<u>തുറന്ന മനസ്സോടെ നാം പ്രാർത്ഥിക്കണം</u>:-രണ്ട് വ്യക്തികൾ തമ്മിൽ തുറന്ന മനസ്സോടെ സ്നേഹത്തോടെ പെരുമാറുന്നില്ലെങ്കിൽ ദൈവത്തോടുള്ള അവർ കഴിക്കുന്ന പ്രാർത്ഥന ഒരിക്കലും നിർമ്മലമാകുന്നില്ല. ദൈവം സ്നേഹമാണ്. ദൈവനിയമവും സ്നേഹം തന്നെ. മറ്റുള്ളവരെ സ്നേഹിക്കുമ്പോൾ മാത്രമേ സ്നേഹവാനായ ദൈവത്തോട് സംസാരിക്കുവാൻ നാം അർഹരാകുന്നുള്ളു. സ്നേഹമുള്ളേടത്ത് മാത്രമേ ക്ഷമയുള്ളു.

**ശേഷം 22 -ാം പേജിൽ തുടരും**

**Teens Corner**

# SEVENTEEN TO THIRTY

Rashmi Lee George, Mumbai.

Joseph is seventeen when he is introduced in the Bible. He is Jacob and Rachel's son, much loved by his father. Tending sheep and doing all the chores required of him forms part of his schedule. His sense of justice is very sharp therefore he reports the wrong-doings of his siblings to his father. His siblings don't accept him. Like most teenagers who say “No one understands me”, he gets misunderstood by his siblings but also his own father. He is called a 'dreamer'. If we think, sibling rivalry is a phenomenon of our age, we are mistaken. Joseph's story reveals the limit of sibling-rivalry. Joseph's brothers sell him off to Slave traders of Egypt. A seventeen-year old, full of dreams and zeal for life, is sold as a slave. He is uprooted from familiar circumstances and thrown into an absolutely indifferent scenario.

It is in Egypt that Joseph's mettle and all the education he had received until that time, gets tested. He is placed in the household of Potiphar, who recognises his merit and entrusts him with major responsibilities. Joseph encounters a chance to indulge in earthly pleasures. Joseph who is seventeen at that time is different from the regular teenager, who wants to be 'cool' and brag about his 'smoking', 'drinking' and all other adventures. He chooses to be different and face the consequences. Sure enough, since he has not succumbed to any pressure, he is thrown into a jail.

A criminal convicted in a crime also loses hope in a jail. It is worthwhile to think how the innocent and young Joseph would have felt? Any other person in his place, would have become moody, irritable and depressed. However his trust in God enables him in this adversity to comfort his fellow companions, interpret their dreams. He is also able to interpret the Pharoah's dream which becomes a blessing to the entire Egyptian network. His training upto the age of seventeen, must have been solid. He grew up listening to the stories of his father, Jacob the latter's encounters with God. His formative years were soaked in God's word and the wondrous things that God had done. Hence he is able to tide over difficulties. Joseph is elevated to being second in command to the Pharoah. He is thirty when he is elevated to the second position in Egypt.

Seventeen to thirty in Joseph's life is the time-period that is being considered in this article. From a much loved seventeen year old, to an oppressed slave, to a jail-inmate, until a powerful man who can call the shots God was with Joseph who honoured him... His childhood, his teenage comprised of studying about God. He

learnt the lessons of life during his teenage and youth which enabled him to tide over his bad times. Through all this he became a Saviour to the Egyptians and to the Israelite. God used Joseph to show the world that He is a living God.

Whether one is a teenager or an adult, God uses a person who is resigned to Him. Joseph was a teenager with a difference who did not succumb to any compromising pressures. He faces loneliness, despair, accusations however he takes no short-cuts. His was a life which revolved around the principles of God. His actions were not determined by the number of 'likes' which he received from others. His brothers certainly did not 'like' him, Potiphar's wife did not 'like' his resistance. Joseph refused to follow the 'herd', instead he chose to be a dreamer, whose dreams God materialised in his life-time.

## News & Upcoming Events

1) യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ മെയ് 30–ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 8:30 മുതൽ ഹാൾ നമ്പർ 4 ൽ വച്ച് Young Couple Retreat നടത്തപ്പെട്ടു. കാമ്പസ് ക്രൂസേഡിലെ ശ്രീ. വർഗ്ഗീസ് അനുഗ്രഹകരമായ സന്ദേശം നൽകുകയും യൂത്ത് കോറസ്സ് ഗാനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു.

2) യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ജൂൺ 15–ാം തീയതി വെള്ളിയാഴ്ച്ച ആരാധനയ്ക്ക് ശേഷം ഹാൾ നമ്പർ 4 ൽ വച്ച് സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തപ്പെട്ടു. ഏകദേശം 112 പേർ ഇതിന്റെ സേവനം പ്രയോജനപ്പെടുത്തി. ഇതിനായി ലാഭേച്ഛ കൂടാതെ സേവനം നൽകിയ ഡോ. ഐ. ബി. മാത്യു (ഫിസിഷ്യൻ), ഡോ. മീനു മാത്യു (കണ്ണ് സ്പെഷ്യലിസ്റ്റ്), ഡോ. ഫിലിപ്പ് മാത്യു (ഓർത്തോ സ്പെഷ്യലിസ്റ്റ്), ഡോ. ഷീബ മാത്യു (ഡെന്റിസ്റ്റ്) എന്നീ ഡോക്ടർമാരോടും, നഴ്സുമാരായി സേവനം നൽകിയ സർവ്വശ്രീ. ശാന്തമ്മ തോമസ്, ജിഷ ലാൽ, റീന ജീമോൻ, സൈറ ജെൻസ്, ലിൻജു ബിനോയ്, റീന സൂസൻ ഫിലിപ്പ് എന്നിവരോടും, ഫാർമസിസ്റ്റായ ശ്രീ. സോജൻ ജോണിനോടും, സ്നാക്ക്സ് സ്പോൺസർ ചെയ്ത വ്യക്തിയോടുമുള്ള നന്ദി ഒരിക്കൽക്കൂടി രേഖപ്പെടുത്തുന്നു.

3. യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിലുള്ള സഭയുടെ ബസ് സർവ്വീസ്സിൽ നിലവിലുള്ള അജ്മാൻ, ഇൻഡസ്ട്രിയൽ ഏരിയ (സജ്ജ ക്യാമ്പിൽ നിന്നും) ബസുകൾക്ക് പുറമേ ദുബായിൽ (ജെബൽ അലി, അൽഖൂസ്, ബർദുബായ്, ദെര, സോനാപ്പൂർ) നിന്നും പുതിയൊരു ബസ് തുടങ്ങിയ വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. വാഹന സൗകര്യം ആവശ്യമുള്ളവർ യുവജനപ്രസ്ഥാനവുമായി ബന്ധപ്പെടാവുന്നതാണ്.

# WE ARE THE WORLD...

## Renu Merin Jilesh

"*Northland College (NZ) principal John Tapene has offered the following words from a judge who regularly deals with youth.*

*"Always we hear the cry from teenagers 'What can we do, where can we go?' ... My answer is, "Go home, mow the lawn, wash the windows, learn to cook, build a raft, get a job, visit the sick, study your lessons, and after you've finished, read a book."*

*"Your town does not owe you recreational facilities and your parents do not owe you fun. The world does not owe you a living, you owe the world something. You owe it your time, energy and talent so that no one will be at war, in poverty or sick and lonely again."*

*"In other words, grow up, stop being a cry baby, get out of your dream world and develop a backbone, not a wishbone. Start behaving like a responsible person. You are important and you are needed. It's too late to sit around and wait for somebody to do something someday. Someday is now and that somebody is you...""*"

Aren't many of us the same way? We keep asking, "Why are they not doing anything about it? What can we do? Where should we go?" So many questions, with no obvious answers! Hey guys and gals, don't we all love to debate on facebook about a particular issue, weighing its pros and cons and asking each other, "why is no one doing anything about it?" Who is this no one or someone? It's none other than we ourselves.

Let's look into our church. What roles do you play? How do you influence the younger generation? Is it by your good qualities or by making them stand in awe only because of your expensive gadgets and stylish clothes? Many of you must be in the Sunday school. How do you, as the older generation, set examples for your younger brothers and sisters in Christ? Is it by continuously whining how out of style the songs are - not the hip hop style or by exhibiting the love of Christ in our own special ways?

What are some of the ways through which teens can change the world? Instead of spending hours on playstations or internet, can you actually go out into the world and influence others. Maybe you might feel shy to preach the gospel but atleast a kind word, a special gesture, having the courage to be on the side of kids who are ignored because of their weaknesses, helping someone in need, or just being kind. Is it too difficult?

Whom are we expecting to change the world for us? In fact it's we who ought to

change because it's ***we are the world***. I remember the lyrics of that old but famous song penned by Michael Jackson and Lionel Richie,

*"We are the world, we are the children*
*We are the ones who make a brighter day*
*So let's start giving*
*There's a choice we're making*
*We're saving our own lives*
*Its true we'll make a better day*
*Just you and me."*

As the song rightly says that it's **we** who can change the world. Let us get out of our world of pretense that someone else is going to do wonders and make this world a beautiful place. No one owes us anything infact we owe a lot to Jesus. We owe our very lives, our very existence to Him. The least we can do for Him is to be good children not only in the church but also in the real world by overcoming our temptations of teasing and sarcastically imitating our elders, disobeying them, taking up wrong challenges like wrong bets, bullying the weaker ones, searching for wrong things on the internet. The world will be truly a better place, if we make the right choices.

So let's march ahead and change the world.

# ആന്ധ്രാമിഷൻ

നമ്മുടെ യുവജനപ്രസ്ഥാനമായി ആന്ധ്രാമിഷനിലെ കുരുക്ഷാല ഫീൽഡിലെ ഒരു മിഷനറിയെ സന്ധിച്ചു വരുന്നു. ആന്ധ്രാമിഷന്റെ പ്രവർത്തനങ്ങളെ ഓർത്ത് പ്രത്യേകാൽ കുരുക്ഷാലയിലെ നമ്മുടെ മിഷനറിയേയും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ ഓർത്തും പ്രാർത്ഥിക്കുക.

അതേസമയം ഇതിനായി സാമ്പത്തിക സഹായം ചെയ്യണമെന്നാഗ്രഹിക്കുന്നവർ യുവജനപ്രസ്ഥാനവുമായി ബന്ധപ്പെടേണ്ടതാണ്.

**ജാലക കാഴ്ചകൾ**

രാജീവ് മോൻസി വർക്കി



# "മിറക്കിൾ ഫ്രൂട്ടും" അമ്മുവും

ഒരു പാത്രത്തിൽ മുറിച്ച വെച്ച ചെറുനാരങ്ങകൾ മുഖം ചുളിക്കാതെ കഴിക്കുവാൻ സാധിക്കുമോ? ഒരു ലിറ്റർ പാവയ്കയുടെ കൈപ്പ് നിറഞ്ഞ നീര് രുചിയുടെ അസഹ്യപ്പെടുത്തലുകളില്ലാതെ കുടിയ്ക്കുവാൻ സാധിക്കുമോ? ഇല്ല എന്നാണ് ഉത്തരമെങ്കിൽ ഇനിയും പറയുന്ന കാര്യങ്ങൾ ശ്രദ്ധിച്ചാലും. ഇപ്പോൾ അവയും സാധ്യം എന്നാണ്. കാരണം മറ്റൊന്നുമല്ല, പ്രകൃതി തന്നെ അവയുടെ കൈപ്പിനേയും, പുളിയേയും മധുരമാക്കുവാൻ പറ്റുന്ന ഒരു കനി മനുഷ്യനായി ഒളിപ്പിച്ചിരുന്നു. അതിന്റെ പേരാണ് "മിറക്കിൾ ഫ്രൂട്ട്" "അത്ഭുതകനി" എന്ന് മലയാളം. വായിച്ചിട്ട് വിശ്വാസം വരുന്നില്ലെങ്കിൽ ഇതാ അതിനെപ്പറ്റി കൂടുതൽ കാര്യങ്ങൾ. സ്വദേശം, ആഫ്രിക്കൻ രാജ്യമായ ഘാന, അറബികാപ്പികുരുവിന്റെ ആകൃതി. 4 അടി മുതൽ 6 അടി വരെ ഉയരം വെയ്ക്കുന്ന ചെടിയിൽ വെള്ളപ്പൂക്കൾ, കായകൾ വിളഞ്ഞു പഴുക്കുമ്പോൾ കടുംചുവപ്പ് നിറം. ഈ പഴത്തിന്റെ ഉള്ളിലെ ഗൈക്കോപ്രോട്ടീനായ മിറാക്കലിന്റെ സാനിദ്ധ്യമാണ്, ഇതിന്റെ അത്ഭുത വിശേഷങ്ങൾക്ക് പിന്നിലെന്ന് സസ്യശാസ്ത്രം. ഈ പഴം കഴിച്ചാൽ വിനാഗിരിപോലും മധുരിക്കും. പ്രമേഹരോഗികൾക്ക് ഇത് വളരെ സഹായകരമാണ്. പാവയ്കാനീര് ഇനി കൈപ്പില്ലാതെ സേവിക്കാം. ഇത് നമ്മുടെ നാട്ടിൽ കോഴിക്കോട്ട് കാരാശ്ശേരി ആറ്റുപുറത്ത് ഹസ്സൻ എന്നയാളുടെ വീട്ടിലുണ്ട്. നെല്ലിക്ക കഴിച്ചിട്ട് അൽപം വെള്ളം കുടിച്ചാൽ അത് മധുരമാകുമെന്നത് നമ്മുടെ അനുഭവം. ഇത് ഇവിടെ എന്തിനു പറയുന്നു എന്നല്ലേ? ചില മനുഷ്യരുടെ കയ്പാർന്ന ജീവിതം മറ്റു ചില മനുഷ്യരെ മാറ്റികളയും. അതും പ്രകൃതി നിയമമാകും.

വളരെ പ്രശസ്തനായ ഒരു സിനിമാ സംവിധായകൻ ഒരു പ്രമുഖ പത്രത്തിൽ എഴുതിയ കോളത്തിൽ തന്റെ മകളുടെ ഒരു അനുഭവം വിവരിച്ചിരുന്നു. അത് ഇപ്രകാരമായിരുന്നു. പ്ലസ് 1 നു പഠിക്കുന്ന തന്റെ മകൾ അമ്മു പഠിക്കുന്നതിനൊപ്പം പാവപ്പെട്ടവരെ സഹായിക്കുന്നതിനും അവരുടെ ജീവിത സാഹചര്യങ്ങളിൽ കൂടി ജീവിക്കുകയും ചെയ്യുക എന്ന പഠനരീതിയുടെ ഭാഗമായി തായ്ലെന്റിലെ അനാഥാലയത്തിൽ അവിടുത്തെ അന്തേവാസികളുമൊത്ത് താമസിക്കുവാനും പഠിക്കുവാനുമായി പോയി. അവിടെ ധാരാളം കുട്ടികൾ തെരുവിലും, യുദ്ധഭൂമിയിലും അനാഥരാക്കപ്പെട്ടവർ അതിൽ ഒരു പത്ത് വയസ്സുകാരി അവൾ ആരുമായി സംസാരിക്കാറില്ല, ഭക്ഷണം മുഴുവൻ കഴിക്കാറുമില്ല. അമ്മു ആ കുട്ടിയോട് പതുക്കെ അടുക്കുവാൻ ശ്രമിച്ചപ്പോഴൊക്കെ ഒരു ശല്യമായി കരുതി അവൾ മാറി നടക്കുമായിരുന്നു. ഒരു നാൾ തനിയേ ഒരു കോണിൽ മുറ്റത്തേ തകരപാത്രത്തിലേക്ക് കല്ലെറിഞ്ഞ് കളിച്ചുകൊണ്ടിരിക്കേ അമ്മുവും കൂടെ കൂടി. അത് ഒരു മത്സരമായി മാറി. ഏറെ നേരത്തെ പരിശ്രമത്തിനു ശേഷം ആ കുട്ടിയെറിഞ്ഞ ഒരു കല്ലു പാട്ടയിൽ കൊണ്ടപ്പോൾ വിജയിയേപോലെ അവൾ ചിരിച്ചു. ഒരു ചിരിയുടെ ചെറിയ ഒരു തുണ്ടു മാത്രം. അവളുടെ മുറിയിലേക്ക് കടന്നു ചെന്ന അമ്മു ചിതറികിടക്കുന്ന പുസ്തകങ്ങൾ ഒതുക്കി വെക്കുകയും മുറി വൃത്തിയാക്കി കൊടുക്കുകയും ചെയ്തു. അവൾ വരച്ച ചിത്രങ്ങൾ വളരെ താൽപ്പര്യത്തോട് അമ്മു നോക്കി കണ്ടു. അപ്പോഴും അമ്മുവിനോട് ഒരു വാക്ക് സംസാരിക്കുവാൻ പോലും ആ കുട്ടി തയ്യാറായിരുന്നില്ല. മുൻപ് കിട്ടിയ ഒരു തുണ്ടു ചിരി

മാത്രമായിരുന്നു ബാക്കി. എല്ലാ കുട്ടികളും പുഴയിൽ കുളിക്കുവാൻ പോകുമ്പോൾ ഈ കുട്ടി തനിച്ചാവും.

അമ്മു നിർബന്ധിച്ചപ്പോൾ ആ കുട്ടി ആദ്യമായ് പുഴയിലേക്ക് വന്നു. അത് മറ്റുകുട്ടികൾക്കും അദ്ധ്യാപകർക്കും ഒരു അത്ഭുതമായിരുന്നു. ദിവസങ്ങൾക്ക് ശേഷം അമ്മു മടങ്ങുവാനൊരുങ്ങി. അപ്പോഴും ആ കുട്ടിയ്ക്ക് ഒരു ഭാവഭേദവും ഇല്ലായിരുന്നു. കുറേ ദിവസം കൂടെ താമസിച്ച അനാഥരായ കുട്ടികളോട് വിടപറയുന്നത് വേദനാജനകമാണ്. പടികളിറങ്ങവേ അമ്മു വീണ്ടും ആ മുഖത്തേക്ക് നോക്കി . ഒരു ചിരി പോലുമില്ലാതെ നിർവികാരമുഖവുമായി നിൽക്കുന്നു. ബസിലേക്ക് കയറുന്നതിനു മുൻപ് ആ കുഞ്ഞിക്കൈ അമ്മുവിനെ തൊട്ടു. ''ഇനി എന്നാ വരിക''? സങ്കടത്തിൽ പൊതിഞ്ഞ മുഖവുമായി കുട്ടി ചോദിച്ചു. ''അറിയില്ല'' ഒറ്റവാക്കിൽ മറുപടി. ''ചിലപ്പോൾ ഞാൻ ഉണ്ടാകുകയില്ല'' കൂടുതൽ എന്തെങ്കിലും പറയുന്നതിനു മുൻപ് ബസ്സ് വിട്ടു. വളവു തീരും വരെ ആ കണ്ണുകൾ അമ്മുവിനെ പിൻതുടർന്നു. ആ കുട്ടിയെ അവിടെ കൊണ്ടുവന്നത് എയ്ഡ്സ് രോഗം പിടിപെട്ട അവസ്ഥയിലാണ്. മാതാപിതാക്കളിലൂടെ ലഭിച്ച സമ്മാനം. പരമാവധി ഒന്നോ രണ്ടോ വർഷത്തെ ജീവിതം മാത്രം ബാക്കി. അത് അവൾക്കും അറിയാമായിരുന്നു. ഒരു തവണ മാത്രം അമ്മു ഈ കഥ തന്റെ അച്ഛനോട് പങ്ക് വെച്ചുള്ളൂ. ഇന്നും ചെന്നൈയിൽ അനാഥാലയത്തിൽ കുട്ടികൾക്ക് ട്യൂഷൻ എടുക്കുവാൻ അമ്മു പോകുന്നു. ആരും നിർബന്ധിക്കാതെ. തായ്ലെന്റിൽ ആരാലും അറിയപ്പെടാത്ത അനേകം കുഞ്ഞുങ്ങളിൽ ഒന്നു മാത്രം ആണ് ആ കുട്ടി. തന്റെ കൈപ്പേറിയ അനുഭവം അവൾ ആരോടും പറഞ്ഞില്ല. പക്ഷേ അത് ഇങ്ങ് ഇൻഡ്യയിൽ ചെന്നൈയിൽ ഒരു കുട്ടിയുടെ ഹൃദയത്തിന്റെ വാതിൽ തുറന്നു. അനേകം അവളെപ്പോലെ അനാഥരാക്കപ്പെട്ടവർക്ക് അൽപ്പം മധുരമായി തീരുവാൻ അത് സാധിച്ചു. പ്രശസ്തനായ സംവിധായകൻ പ്രിയദർശന്റെ മകളുടെ കാര്യമാണ് മുകളിൽ പറഞ്ഞത്. അദ്ദേഹം ആ കോളം അവസാനിപ്പിച്ചത് ഇപ്രകാരമാണ്.


ആ കുട്ടി ഭൂമിയിലേക്ക് വന്നതു തന്നെ ഇങ്ങ് ദൂരെ ചെന്നൈയിൽ വളരുന്ന തന്റെ മകളുടെ ഹൃദയത്തിൽ, ആദ്രതയുടെ സ്നേഹത്തിന്റെ ഉറവയൂറ്റാനും മനസ്സിന്റെ കിളിവാതിൽ തുറക്കുവാനും വേണ്ടി ആയിരുന്നു. പറയപ്പെടാത്ത എത്രയോ ജീവിതാനുഭവങ്ങൾ മറ്റുള്ളവരുടെ ജീവിതത്തെ മാറ്റിമറിക്കുന്നു.

## 16 -ാം പേജിൽ നിന്നുള്ള തുടർച്ച

കർത്താവിന്റെ പ്രാർത്ഥനയുടെ കാതലായ അംശം അതാണ്. ('ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിക്കുന്നത് പോലെ---') പ്രാർത്ഥിക്കുന്ന നാം ആണ് മറ്റുള്ളവരോട് ക്ഷമിക്കേണ്ടത്. അതിനായി നമ്മുടെ ഹൃദയത്തെ ശുദ്ധീക്കരിക്കേണമേ എന്ന് ദൈവത്തോട് പ്രാർത്ഥിക്കണം. അശുദ്ധിയുടെ ആത്മാവിനെ നീക്കി സ്നേഹത്തിന്റെ ആത്മാവിനാൽ നിറയ്ക്കുവാനായിരിക്കണം നമ്മുടെ പ്രാർത്ഥന. അപ്പോൾ നമുക്ക് ദൈവത്തോടും, ദൈവത്തിന്റെ ആല്മാവിന് നമ്മോടും സംസാരിക്കാൻ സാധിക്കുന്നു. അപ്പോഴാണ് നമ്മുടെ പ്രാർത്ഥന പൂർണ്ണമാകുന്നത്. വിശ്വാസത്തിന്റെ പൂർണ്ണതയിൽ നിർമ്മലമായ മനസ്സോടെ പ്രാർത്ഥിക്കുമ്പോൾ, മുമ്പിൽ ഉയർന്ന്നില്ക്കുന്ന പർവതം വേരോടെ പിഴുത് കടലിൽ വീഴും... നമ്മുടെ മുമ്പിൽ ഉയരുന്ന പ്രശ്നങ്ങൾക്ക് പൂർണ്ണ പരിഹാരം ലഭിക്കും... നമ്മുടെ പ്രാർത്ഥന അർത്ഥവത്താകുന്നുണ്ടോ എന്നു നമുക്ക് ചിന്തിക്കാം... ഇല്ലെങ്കിൽ ജീവിതത്തെ നമുക്ക് ക്രമീകരിക്കാം... പരിശുദ്ധാത്മാവ് അതിനായി സഹായിക്കട്ടെ.

# CARE OF THE EYES IN SUMMER

***Dr. Meenu Mathew,*** *Eye Specialist,*
*Reem Specialists Medical Centre*



Hot weather, strong sunlight, air-conditioning, dry atmosphere, swimming pools and beaches are all factors that can cause eye problems during summer.

The UV (ultra-violet) rays in sunlight can cause conjunctivitis (inflammation of the conjunctiva) and keratitis (inflammation of the cornea) especially during intense exposure to sunlight. This can be prevented by using good quality sunglasses. Bacterial and viral conjunctivitis are also common during summer and this can be prevented by clean practices, especially washing hands and face frequently.

Prolonged exposure to UV rays can cause pterygium (abnormal tissue growth over the cornea), cataract (opacification of the eye-lens) and ARMD (age related macular degeneration). Looking at the sun directly during eclipse can cause vision loss due to retinal scarring. All these can be prevented by using protective sunglasses.

The skin of the eyelids becomes wrinkled and darkly pigmented due to excessive exposure to sunlight and in rare cases prolonged exposure can even lead to skin cancer. Styes of the lid are common during summer. This can be prevented to a large extent by reducing oily and fatty foods in summer and by consuming large quantities of water.

Air conditioning and dry atmosphere can cause dryness of the eyes and this can be prevented by avoiding direct exposure to A/C vents, by frequently blinking and by using lubricating eye drops.

The chlorine dissolved in the water in swimming pools as well as the chlorine fumes above the water surface can cause irritant conjunctivitis and keratitis. So always use swimming goggles to prevent these.

Dust particles and pollen can cause allergic conjunctivitis during summer. This can be prevented by using wrap-around sunglasses and preventive medication in predisposed persons.

# ലഹരിയുടെ സങ്കീർത്തനം

**മോൻസി കൊല്ലകടവ്**

യുവത്വം ലഹരിയ്ക്ക് വഴിമാറുകയാണോ? കണക്കുകൾ അതാണ് സൂചിപ്പിക്കുന്നത്. കണക്കുകളിലേക്ക് കടക്കുന്നതിന് മുമ്പ് അൽപ്പം ചരിത്രം ആവാം..!

ലഹരിപാനം ഇന്നൊരു ലോകവ്യാപകമായ പ്രശ്നമായി തീർന്നിട്ടുണ്ട്. പൂർവ്വ കാലങ്ങളിൽ ഈജിപ്തിലും ഇന്ത്യയിലും ചൈനയിലും കറുപ്പ് ഉപയോഗിച്ചിരുന്നു. ഒൻപതാം നൂറ്റാണ്ടുമുതൽ കഞ്ചാവ് പ്രചാരത്തിലായി. ലഹരിസേവ പരിഷ്കൃത രാജ്യ ങ്ങളിലെ ജനങ്ങൾക്കിടയിൽ അമ്പരപ്പിക്കുമാറായിത്തീർന്നിരിക്കുന്നു. വെറും മുഷി ച്ചിൽ, വിവാഹങ്ങളുടെ തകർച്ച, ഇവ ഈ സ്വഭാവത്തിനു കാരണങ്ങളായി ചൂണ്ടിക്കാ ണിക്കപ്പെടുന്നു. മുതിർന്നവരെ സംബന്ധിച്ചിടത്തോളം തൊഴിലുടമകളുടേയും സാമ്പത്തിക നിലപാടുകളുടേയും സമ്മർദ്ദമാണ് ഈ സ്വഭാവത്തിനു മുഖ്യ കാരണം. ഭയവും അംഗീകരിക്കപ്പെടാനുള്ള അഭിവാഞ്ചയും മറ്റും ഘടകങ്ങളാണ്.

യുവാക്കളുടെ ഇടയിൽ സാഹസികോദ്യമങ്ങൾക്കുള്ള താല്പര്യവും, ഉത്തേജ നത്തിനും പുതുമയ്ക്കും ഉള്ള അഭിലാഷവും ലഹരി പരിശീലിപ്പിക്കുവാൻ പ്രേരിപ്പിക്കു ന്നു. റോക്ക് സംഗീതവും മറ്റു ലഹരിയെപ്പറ്റിയുള്ള സ്തുതിഗീതങ്ങളും ലഹരിപാനത്തെ പ്രചുര പ്രചാരത്തിലെത്തിച്ചു. എന്നാൽ അടിസ്ഥാനപരമായ കാരണങ്ങൾ അധികാര ത്തോടുള്ള എതിർപ്പ്, അച്ചടക്കരാഹിത്യം, കുടുംബ ജീവിതത്തിന്റെ തകർച്ച എന്നിവ ആണെന്ന് കാണാം. ലഹരി സാധനങ്ങളുടെ സുലഭത, യുവതീ യുവാക്കളെ, ഉപയോഗി ച്ചു നോക്കുക എന്ന പരീക്ഷയെ, ചെറുത്തു നിൽപ്പാൻ കഴിവുറ്റവരാക്കിത്തീർക്കുന്നു. ഇന്നത്തെ സംസ്കാരം തങ്ങളുടെ വ്യക്തിത്വത്തെയും വികാരങ്ങളുടെ ബഹിർഗമ ത്തേയും തടയുന്നു എന്ന് പലയുവാക്കളും കരുതുന്നു. തങ്ങളുടെ മാനസിക വൈകല്യ ങ്ങളെ തരണം ചെയ്യാനും, പ്രതിബന്ധങ്ങളുടെ ചങ്ങലകളെ പൊട്ടിച്ചെറിഞ്ഞ് സാഹോദ ര്യത്തിലെത്തുന്നതിനും, പ്രതിരോധ ക്രമീകരണങ്ങള നശിപ്പിച്ച് ജീവിതത്തെക്കുറിച്ചും, മരണത്തെക്കുറിച്ചും ഉള്ള തങ്ങളുടെ ഭയങ്ങളെ ലഘൂകരിക്കാനും കഴിയുന്നു എന്ന മിഥ്യാ ധാരണ ഭൂരിഭാഗം യുവജനങ്ങളിലും ഇന്ന് നിലനിൽക്കുന്നു. ഇവിടെയാണ് യുവ ജനസംഘടനകളുടെ പ്രസക്തി സഭയിൽ ആവശ്യമാകുന്നത്.

യുവതീയുവാക്കളാണ് ലഹരിവസ്തുക്കൾക്ക് കൂടുതൽ അടിമകളായിക്കൊണ്ടി രിക്കുന്നത്. മയക്കുമരുന്നുകളോട് ഒരിക്കൽ ആഭിമുഖ്യം ജനിച്ചുകഴിഞ്ഞാൽ അതിന്റെ അടിമ ലഹരിവാങ്ങുന്നതിനു വേണ്ടി എന്തും ചെയ്യും. ഒരു നിർദ്ദോഷാനുഭവമായോ, ഒരു നവീന രീതിയിലുള്ള ഉത്തേജകമായോ ഉപയോഗിക്കുന്നതിലെന്താണ് തെറ്റെന്ന് തോന്നിയേക്കാം. അസംഖ്യം ആളുകളുടെ സന്മാർഗ്ഗീകതയെ നശിപ്പിക്കുയും മനോരോ ഗങ്ങൾക്ക് കാരണമാക്കുകയും, വിവേകവും, സ്വാശ്രയശീലവും ഇല്ലാതാക്കുവാനും ഇതുമൂലം ഇടയാകുന്നു. കൂടാതെ പഠിക്കുവാനും ജോലി ചെയ്യുവാനുമുള്ള ആഗ്രഹ ത്തെയും ഉത്സാഹത്തെയും നശിപ്പിക്കുകയും, അടിസ്ഥാന മൂല്യങ്ങളുടെയും പ്രമാണ ങ്ങളെയും അവജ്ഞയോടു കൂടി വീക്ഷിക്കുന്നതിനും ഇതിടയാക്കുന്നു. ലഹരി ഉളവാ

ക്കുന്ന താല്ക്കാലികമായ സങ്കൽപലോകത്തിൽ ജീവിക്കാൻ ശ്രമിച്ച ശേഷം അതു സൃഷ്ടിക്കുന്ന തീരാപ്രശ്നങ്ങൾക്കിരയായി ജീവിതം മുഴുവൻ കഷ്ടപ്പെടേണ്ടിവരുന്നവർ സമൂഹത്തിനൊരു പ്രശ്നം തന്നെ. മയക്കുമരുന്നുകൾ സൃഷ്ടിക്കുന്ന സാമ്പത്തിക സാമൂഹിക പ്രശ്നങ്ങൾ നിരവധിയാണ്. നിയമരഹിതമായി ലഹരിപാനീയങ്ങൾ തയ്യാറാക്കി വിതരണം ചെയ്യുന്ന കച്ചവടക്കാർ വമ്പിച്ച സ്വത്ത് ആർജ്ജിക്കുന്നു. അതേ സമയം ഇതുപയോഗിക്കുന്നവരുടെ ക്രയശക്തി നശിക്കുകയും ജോലി ചെയ്യുവാനുള്ള കഴിവു കുറയുകയും ചെയ്യുന്നതോടു സാമ്പത്തിക പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടി വരുന്നു. പണം ലഭിക്കാത്തതിലുള്ള നിരാശാബോധം അവരെ കുറ്റകൃത്യങ്ങൾ ചെയ്യുന്നതിലും വിശേഷിച്ച് മോഷ്ടിക്കുന്നതിനും പതിയിരുന്നാക്രമിക്കുന്നതിനും പ്രേരിപ്പിക്കുന്നു. സ്വീഡനിൽ നടത്തിയ ഒരു പഠനത്തിൽ നിന്നും കുറ്റവാളികൾ എന്ന് സംശയിക്കപ്പെട്ടിരുന്നവരിൽ 55% പുരുഷൻമാരും 88% സ്ത്രീകളും മയക്കുമരുന്നുകൾ ഞരമ്പുകളിൽ കുത്തിവെച്ച് ദേഹത്ത് പ്രവേശിപ്പിക്കുന്നവരാണെന്ന് തെളിയുന്നു.

മതിഭ്രമകൗഷദങ്ങൾ ഇന്ന് പലരാജ്യങ്ങളിലും സുലഭമാണ്. ഹീറോയിൻ, മരീജ്ജൂവാന മെസ്കാലിൻ തുടങ്ങിയവ മതിഭ്രമകൗഷധങ്ങളിൽ പെടുന്നു. ഇവയുടെ ഉപയോഗം ദേശകാലങ്ങളിലുള്ള ഒരുവന്റെ അസ്ഥിത്വബോധത്തെ ഇല്ലാതാക്കുകയും വീക്ഷണത്തെയും ദർശനത്തെയും വികലമാക്കുകയും ചെയ്യുന്നു. തലച്ചോറിനെുയം നാഡീവ്യൂഹത്തെയും സാരമായി ബാധിക്കുന്ന ഇവ പ്രദാനം ചെയ്യുന്നതോ താൽക്കാലികമായൊരു വ്യാജചിത്തക്ഷേമാനുഭൂതിമാത്രം.

മനോവിദ്രവകസഭകൾ അമേരിക്കയിൽ ധാരാളം സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. Native American Church, Church of Awakening, League for Spiritual Discovery, എന്നിവ അവയിൽ ചിലതു മാത്രം ആരാധനയിൽ ലഹരി സേവ ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു ഘടകമാണ്. ലഹരിക്ക് മത ജീവിതാനുഭവങ്ങളിൽ അവിഭാജ്യവുമായ പങ്കുണ്ടെന്ന് ഇവർ പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നു. അമേരിക്കയിലെ രണ്ടു കോടി ആളുകൾ ഒരിക്കലെങ്കിലും ലഹരി ഉപയോഗിച്ചിട്ടുണ്ടെന്ന് കണക്കുകൾ പറയുന്നു. അമേരിക്കയിലേക്ക് മാത്രം നോക്കി വിരൽ ചൂണ്ടിയിട്ട് കാര്യമില്ല. ഇന്ന് നമുക്കെതിരെയും ലോകം വിരൽ ചൂണ്ടാൻ തുടങ്ങിയിരിക്കുന്നു. ഇന്ത്യയിലെ ഏറ്റവും കൂടിയ മദ്യ ഉപഭോഗ സംസ്ഥാനമായി നമ്മുടെ കേരള സംസ്ഥാനം മാറിയിരിക്കുന്നു.

സ്വന്തം ജീവിതം മയക്കുമരുന്നിന് അടിമപ്പെടുത്തുകയും ജീവിതത്തിന്റെ അവസാനനാളുകളിൽ ദൈവവചനത്തിൽ തന്റെ ജീവിതത്തെ ഉറപ്പിക്കുകയും എന്നാൽ മരണം ഒഴിവാക്കാൻ കഴിയാത്ത അവസ്ഥയിൽ തന്റെ അവാസനനാളിൽ ഇപ്രകാരം എഴുതി.

"ഹീറോയിൻ എന്റെ ഇടയനാകുന്നു.
എനിക്ക് എല്ലായ്പ്പോഴും മുട്ടുണ്ടാകും.
അവൻ എന്നെ ഓടകളിൽ കിടത്തും.
അസ്വസ്ഥമായ വെള്ളത്തിനരികിലേക്ക് അവൻ എന്നെ നടത്തുന്നു.
എന്റെ പ്രാണനെ അവൻ നശിപ്പിക്കുന്നു.
ദുഷ്ട വഴികളിലൂടെ അവൻ എന്നെ നടത്തുന്നു.

അതേ... ഞാൻ ദാരിദ്ര്യത്തിന്റെ താഴ്‌വരയിലൂടെ നടന്നാലും
ഒരനർത്ഥവും ഭയപ്പെടുകയില്ല
അല്ലെയോ ഹീറോയിൻ നിന്റെ സൂചിയും,
ഗുളികയും എന്നെ ആശ്വസിപ്പിക്കുന്നു.
എന്റെ കുടുംബത്തിന് മുമ്പാകെ നീ എനിക്ക്
പല ചരക്കുകൾകൊണ്ട് വിരുന്നൊരുക്കുന്നു.
എന്റെ തലച്ചോറിൽ നിന്നും വിവേകത്തെ മാറ്റുന്നു.
എന്റെ ദുഖത്തിന്റെ പാനപാത്രവും കവിഞ്ഞൊഴുകുന്നു.
നിശ്ചയമായും മദ്യാസക്തി എന്റെ ആയുഷ്കാലമൊക്കെയും
എന്നെ പിന്തുടരും, നശിച്ചവരുടെ ആലയത്തിൽ
ഞാൻ ദീർഘ കാലം വസിക്കും''

ലഹരി തികച്ചും വ്യക്തിപരമാണ് എന്ന് വാദിക്കുന്നവരും അതല്ല സാമൂഹികപരമാണ് എന്ന് വാദിക്കുന്നവരും തമ്മിൽ ശക്തമായ വാദപ്രതിവാദം നടക്കുന്ന കാലഘട്ടത്തിലാണ് നാം എത്തി നിൽക്കുന്നത്. ലഹരി നുരയുന്ന നമ്മുടെ നാടിനെ ഓർത്ത് വിലപിക്കാതെ, ഈ സാമൂഹിക വിപത്തിനെതിരെ നമുക്ക് പക്ഷം ചേരാം.

# 19TH UAE CSI YOUTH CONFERENCE

*on*

**2012 OCTOBER 27**

*at*

**CSI PARISH SHARJAH**

*Theme*

**U-TURN**


*Speaker*

**REV. VIJI VARGHESE EAPEN**

*Pray... Participate... & Be Blessed...*

# ഇടുക്കിയിലൂടെ ഒരു യാത്ര...

എബി ജേക്കബ്ബ് താഴികയിൽ



ലോകത്തിൽ അവശ്യം കണ്ടിരിക്കേണ്ട 10 ടൂറിസ്റ്റ് പ്രദേശങ്ങളിൽ ഒന്നാണ് നമ്മുടെ കേരളം. മനോഹരമായ കേരളത്തിന്റെ ഏതുപ്രദേശവും ടൂറിസ്റ്റ് കേന്ദ്രങ്ങളാണെന്ന് പറയാം. അതിൽ തന്നെ പ്രത്യേകം ശ്രദ്ധയാകർഷിക്കുന്നതാണ് ഹൈറേഞ്ച് പ്രദേശങ്ങൾ. ഹൈറേഞ്ച് പ്രദേശങ്ങൾ ഉൾപ്പെടുന്ന ഇടുക്കിയിലേക്കാവട്ടെ ഇത്തവണ നമ്മുടെ യാത്ര.

എറണാകുളം കോട്ടയം പത്തനംതിട്ട ജില്ലകളും തമിഴ്നാടും അതിർത്തിയാകുന്ന ഇടുക്കി ജില്ല ഒരു കാർഷിക ജില്ലയാണ്. കേരളത്തിന്റെ സുഗന്ധ തോട്ടം എന്നു ഇടുക്കി അറിയപ്പെടുന്നു. (Spice Garden of Kerala). തൊടുപുഴയും, നേര്യമംഗലവും മുണ്ടക്കയവുമാണ്, ഇടുക്കിയുടെ അതിർത്തിപട്ടണങ്ങൾ.

റോഡ് മാർഗ്ഗം മാത്രമേ ഇവിടെ എത്തിചേരാനാവൂ. തൊടുപുഴയിൽ നിന്നും 20 കി.മീ അകലെയാണ് കേരളത്തിലെ ഏറ്റവും വലിയ ഊർജ്ജസ്രോതസ്സായ ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ മൂലമറ്റം പവർസ്റ്റേഷൻ. ഇവിടം സന്ദർശിക്കുവാൻ K.S.E.B. യുടെ മുൻകൂർ അനുവാദം തേടണം.

മൂലമറ്റത്തുനിന്നും അറക്കളം എത്തിയാൽ പിന്നീട് കുത്തനെയുള്ള കയറ്റമാണ്. 12 ഹെയർ പിൻവളവുകൾ താങ്ങി നാം സമുദ്രപരപ്പിൽ നിന്നും 3000 അടി എത്തുമ്പോൾ 'നാടുകാണി' പവലിയനിലെത്തും. ഇവിടെ നിന്നും നോക്കിയാൽ കൊച്ചി തുറമുഖം വരെയുള്ള പ്രദേശം കാണാനാവും. നാടുകാണിയിൽ നിന്നും 2 കിലോമീറ്റർ സഞ്ചരിച്ചാൽ കുളമാവിലെത്തും. ഇടുക്കി പദ്ധതിയുടെ 3 ഡാമുകളിലൊന്നായ കുളമാവ് ഡാം ഇവിടെയാണ്. പദ്ധതികാലത്ത് പണിത K.S.E.B. ക്വാർട്ടേഴ്സ് ഇപ്പോഴും ഇവിടെയുണ്ട്. കുളമാവിലെത്തുമ്പോഴേക്കും നാം തണുപ്പിന്റെ സുഖമറിഞ്ഞ് തുടങ്ങും. യാത്ര തുടരുമ്പോൾ ഇടുക്കി ജലാശയത്തിന്റെ അതിരുകൾ കാണാൻ തുടങ്ങും. 26 ചതുരശ്രകിലോമീറ്ററാണ് ജലാശയത്തിന്റെ വിസ്തൃതി.

കുളമാവിൽ നിന്നും യാത്ര തുടരാം-– 15 കിലോമീറ്റർ ഘോരവനത്തിലൂടെയാണിനി യാത്ര. ഇടയ്ക്കിടെ പുൽമേടുകൾ കാണാം. യഥേഷ്ടം സഞ്ചരിക്കുന്ന കാട്ടാനകൂട്ടങ്ങളെയും കാട്ടുപോത്ത്, മ്ലാവ്, കേഴ തുടങ്ങി മറ്റു മൃഗങ്ങളും ഈ കാട്ടിൽ കാണാനാവും. വനത്തിലൂടെ 15 കി.മീ. കയറ്റവും ഇറക്കവും ഒക്കെ കഴിഞ്ഞ് നാം പൈനാവിലെത്തുന്നു. ഇവിടെയാണ്. ജില്ലാ ആസ്ഥാനം. കളക്ട്രേറ്റും അനുബന്ധ ഓഫീസുകളും ഇവിടെയാണ്. യാത്ര തുടരാം ഇനി 7 കി.മീ. ഇറക്കമാണ്. യാത്രയ്ക്കിടെ ദൂരെയായി ഇടുക്കി ചെറുതോണി അണക്കെട്ടുകൾ കാണാം. ഇടുക്കി ജലാശയവും കുറവൻ, കുറത്തി എന്നീ മലകളെ ബന്ധിച്ചാണ്, ഏഷ്യയിലെ ആദ്യത്തെ ആർച്ച് ഡാമായ ഇടുക്കി ഡാം പണിതിരിക്കുന്നത്.

ഇപ്പോൾ നാം എത്തിച്ചേരുന്നത് ചെറുതോണി പട്ടണത്തിലാണ്. ചെറുതോണിയെ ഇടുക്കിയുടെ ''സിറ്റി'' എന്നു പറയാം. ഇവിടെ നിന്ന് റോഡ് രണ്ടായി പിരിയുന്നു. ഒന്ന് കട്ടപ്പനക്കും , മറ്റൊന്ന് നേര്യമംഗലത്തേക്കും.

നമുക്ക് നേര്യമംഗലം വഴിയാകാം തുടർയാത്ര. ചെറുതോണിയിൽ നിന്നും വെള്ളമില്ലാതെ വറ്റികിടക്കുന്ന പെരിയാറിന്റെ കരയിലൂടെയാണ്. റോഡ് നീളുന്നത്. ഇടുക്കി ഡാം പണിതപ്പോൾ പെരിയാറിന്റെ ഒഴുക്ക് പൂർണ്ണമായും തടയപ്പെട്ടു. ഇടുക്കി കഴിഞ്ഞ് പെരിയാറിൽ ചേരുന്ന പോഷകനദികളാണ് വീണ്ടും പെരിയാറിനെ ജീവസുറ്റതാക്കുന്നത് 26 കി. മീ ആകലെ നേര്യമംഗലത്തെത്തുന്നതിനു മുൻപ് നാം മറ്റൊരു ഡാം കാണുന്നു. ഇതാണ്. ലോവർ പെരിയാർ അണക്കെട്ട്. നേര്യമംഗലം എന്ന ചെറുപട്ടണം ഇവിടുന്ന് കിഴക്കോട്ട് പോയാൽ അടിമാലി മൂന്നാർ അങ്ങോട്ടാകാം യാത്ര. കുടിയേറ്റ പ്രദേശങ്ങളിലൂള്ള യാത്രയിൽ കഠിനാധ്വാനികളായ മനുഷ്യൻ വിളയിക്കുന്ന കാപ്പി, ഏലം, കുരുമുളക് മറ്റു വിളകൾ എല്ലാം സമൃദ്ധിയോടെ നിൽക്കുന്നത് ഏറെ ആകർഷകമായ കാഴ്ചയാണ്.

നമ്മുടെ യാത്രയിൽ ഇപ്പോൾ നാം കാണുന്നത് മുതിരപ്പുഴയാണ്. പെരിയാറിന്റെ ഒരു പ്രധാനപോഷക നദിയാണ് മുതിരപ്പുഴ.

അടിമാലി ഒരു പ്രധാന പട്ടണമാണ്. ചെങ്കുളം, വെള്ളത്തൂവൽ ഒക്കെ കടന്ന് നാം മൂന്നാറിലെത്തുന്നു. തേയിലതോട്ടങ്ങൾ കൊളുന്ത് നുള്ളുന്ന സ്ത്രീകൾ, പച്ചപുതച്ച തോട്ടങ്ങൾക്കിടയിലൂടെ വളഞ്ഞ് പുളഞ്ഞ് നീങ്ങുന്ന റോഡ്. മൂന്നാറിൽ ടൂറിസ്റ്റുകൾക്ക് താമസ സൗകര്യങ്ങൾ ധാരാളമുണ്ട്. ഏതു ബഡ്ജറ്റിനും ഇണങ്ങുന്ന താമസസ്ഥലങ്ങൾ ഇവിടെ ലഭ്യമാണ്.

മൂന്നാറിൽ നിന്നും മാട്ടുപെട്ടി ഡാം, മാട്ടുപെട്ടിയിലെ പ്രസിദ്ധമായ ഇൻഡോ സ്വിസ് കന്നുകാലി ഫാം എന്നിവ കാണാം. ഇവിടെ നിന്നും അൽപ്പം സഞ്ചരിച്ചാൽ ദേവികുളത്തെത്താം.

ബ്രിട്ടീഷ് കാലത്ത് പണികഴിപ്പിച്ച ബംഗ്ലാവ് ഇപ്പോൾ ഗവർണ്ണറുടെ വേനൽക്കാല വസതിയാണ്.

മൂന്നാറിൽനിന്നും 40 കി. മീ യാത്ര ചെയ്താൽ ചന്ദനക്കാടുകൾക്ക് പ്രസിദ്ധമായ മറയൂരിലെത്താം. ചന്ദനക്കാടുകളിലൂടെ സ്വച്ഛന്ദം മേയുന്ന കാട്ടുപോത്ത്, മാൻ എന്നിവ നമ്മെ കൂസാതെ റോഡരികിലെ വേലിക്കരികിൽ നിൽക്കുന്നത് ഏതൊരു സഞ്ചാരിക്കും കുളിരുന്ന ഓർമയത്രേ സമ്മാനിക്കുന്നത്. മറയൂർ ഒരു മഴനിഴൽ പ്രദേശമാണ്. മഴനിഴൽ പ്രദേശമെന്നാൽ ചുറ്റുമുള്ളപ്രദേശങ്ങളേക്കാൾ ഇവിടെ പെയ്യുന്ന മഴ വളരെ കുറവായിരിക്കും.

മറയൂരിൽ നിന്നും 5 കി. മീ. യാത്ര ചെയ്താൽ ഇരവികുളത്തെത്താം. ഇരവികുളം നാഷണൽ പാർക്ക് വംശനാശ ഭീഷണി നേരിടുന്ന വരയാടുകളെ സംരക്ഷിക്കുന്ന ഏക വന്യജീവി സങ്കേതമാണ്.

12 വർഷത്തിൽ ഒരിക്കൽ പുഷ്പിക്കുന്ന നീലക്കുറിഞ്ഞി ഈ ദേശീയോദ്യാനത്തിന്റെ മാത്രം പ്രത്യേകതയാണ്. നാമിപ്പോൾ ഒരു താഴ്വരയിലേക്കാണ് പോകുന്നത്. ഇരുവശവും വലിയ

പർവ്വതങ്ങൾ നടുവിൽ നിരപ്പായ പ്രദേശം. ഇതു ഹൈറേഞ്ച് തന്നെയാണോ എന്നു തോന്നുന്ന വരണ്ട കാലാവസ്ഥ.

പരന്നു കിടക്കുന്ന കരിമ്പിൻ തോട്ടങ്ങൾ, ഇവിടെ ഉണ്ടാക്കുന്ന മറയൂർ ശർക്കര ലോകപ്രസിദ്ധമത്രേ. കൂടാതെ കേരളത്തിൽ വെളുത്തുള്ളി കൃഷിചെയ്യുന്ന ഏക പ്രദേശവും ഇവിടത്രേ. മലഞ്ചെരുവുകളിൽ ഉരുളക്കിഴങ്ങും കാബേജ്, ക്യാരറ്റ് തുടങ്ങി ഒട്ടുമിക്ക പച്ചക്കറികളും ഉൽപ്പാദിപ്പിക്കപ്പെടുന്നു. കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികളിൽ 30% ഈ പ്രദേശത്തിന്റെ സംഭാവനയാണെന്നത് കൗതുകമുണർത്തുന്ന വാർത്തയാണ്.

താഴ്വാരം പിന്നിട്ട് വീണ്ടും മുന്നോട്ട് മുനിയറ വഴി കാന്തല്ലൂരിലേക്ക്... മലയുടെ ചെരിവിൽ നിരനിരയായി നിൽക്കുന്ന മുനിയറകൾ ആയിരക്കണക്കിനു വർഷം മുൻപുള്ള ഒരു ജനസംസ്കാരത്തിന്റെ പൈതൃകം വിളിച്ചോതുന്നു. അൽപ്പം കൂടി യാത്ര ചെയ്താൽ കാന്തല്ലൂരിൽ എത്താം. ഇവിടം കഴിഞ്ഞാൽ തമിഴ്നാടാണ്. മടങ്ങാം ഇനി മൂന്നാറിലേക്ക്.

മൂന്നാറിൽ നിന്നും നമുക്ക് രാജാക്കാട് രാമക്കൽമേട് നെടുങ്കണ്ടം വഴി 65 കി. മീ. സഞ്ചരിച്ചാൽ തേക്കടിയിലെത്താം രാമക്കൽമേട് കാറ്റാടി വൈദ്യുതി ഉൽപ്പാദനം നടത്തുന്ന ഒരു കേന്ദ്രമാണ്. മുല്ലപ്പെരിയാർ അണക്കെട്ടും തേക്കടി വന്യജീവി സങ്കേതവും പ്രസിദ്ധമാണല്ലോ. തേക്കടി തടാകത്തിൽ ബോട്ടിംഗ് സൗകര്യമുണ്ട്.

മടക്കയാത്ര വണ്ടന്മേട് കട്ടപ്പന വഴിയാവാം. വണ്ടന്മേട് ഏലത്തോട്ടമുള്ള നാടാണ്. സുപ്രസിദ്ധ ഏലം ലേലം ഇവിടെയാണ് നടക്കുന്നത്. ഇന്ത്യൻ ഏലത്തിനു വില നിശ്ചയിക്കുന്നത് ഇവിടെയാണെന്ന് പറയാം. വണ്ടന്മേട്ടിൽ നിന്നും യാത്ര തുടർന്ന് നാമെത്തുന്നത് കട്ടപ്പനയിൽ. ഹൈറേഞ്ചിന്റെ കച്ചവട സിരാകേന്ദ്രമാണ് കട്ടപ്പന.

യാത്ര തുടരാം---- ഇടുക്കി റോഡിലൂടെ അൽപ്പം സഞ്ചരിച്ച് ഏലപ്പാറക്കുള്ള വഴിയിലൂടെ യാത്രയാവാം. അയ്യപ്പൻ കോവിൽ കടന്ന് കുട്ടിക്കാനത്തെത്തുന്നു. കുട്ടിക്കാനത്ത് വെച്ച് നാം കെ. കെ. റോഡിൽ പ്രവേശിക്കുന്നു. ഇവിടുന്ന് കുമളി റോഡിലാണ്. പീരുമേട്. മൊട്ടക്കുന്നുകളും തേയിലതോട്ടങ്ങളും കൊണ്ട് മനോഹരമാണ് ഈ പ്രദേശം.

കുട്ടിക്കാനത്തുനിന്നും നാം കെ.കെ. റോഡിലൂടെ മടക്കയാത്ര തുടരുന്നു. മുണ്ടക്കയത്തെത്തുമ്പോൾ അതിർത്തിയായി ഇതിനുമുന്നായി വാഗമണ്ണിലേക്കുള്ള വഴി കാണാം. വാഗമൺ ഒരു പ്രധാന ടൂറിസ്റ്റ് കേന്ദ്രമായി മാറികഴിഞ്ഞു. ഇവിടത്തെ കുരിശ് മല ആശ്രമവും, സൂയിസൈഡ് പോയിന്റും, പൈൻ ഫോറസ്റ്റും, കാണുവാൻ ധാരാളം സഞ്ചാരികൾ എത്തുന്നു.

അങ്ങനെ സുദീർഘമായ യാത്രയിലൂടെ നാം ഇടുക്കി ജില്ലയോട് വിട പറയുന്നു.
ഇത്രയും സ്ഥലങ്ങൾ കണ്ട് തീർക്കുവാൻ ഒരു നാലുദിവസം എങ്കിലും വേണ്ടിവരും കേട്ടോ......

പാചകം

# തൈരു സാദം



## റീന സൂസൻ ഫിലിപ്പ്

**ആവശ്യമുള്ള സാധനങ്ങൾ:**

| | | |
|---|---|---|
| പച്ചരി (ബസ്മതി) | : | 1 കപ്പ് |
| വെള്ളം | : | 2 1/2 കപ്പ് |
| എണ്ണ | : | 3 ടേബിൾ സ്പൂൺ |
| തൈര് | : | 1 കപ്പ് |

ഉപ്പ്, കറിവേപ്പില, സ്പ്രിങ്ങ് ഒനിയൻ (ചെറുതായി അരിഞ്ഞത്), മല്ലിയില (ചെറുതായി അരിഞ്ഞത്), കടുക്, വറ്റൽ മുളക് : ആവശ്യത്തിന്.

**ഉണ്ടാക്കുന്ന വിധം:**

അരി നന്നായി കഴുകി കുക്കറിൽ വച്ച് വേവിക്കുക. ഒന്നാമത്തെ വിസിൽ അടിച്ചതിനു ശേഷം തീ കുറച്ച് ഒരു വിസിൽ കൂടെ അടിപ്പിച്ച് വാങ്ങിവക്കുക. ഒരു മണിക്കൂറിനുശേഷം കുക്കർ തുറന്ന് വേവിച്ച അരിയിൽ തൈരും അവശ്യത്തിന് ഉപ്പും ചേർക്കുക.

പാനിൽ എണ്ണ ചൂടാക്കി കടുക്, കറിവേപ്പില, വറ്റൽ മുളക് എന്നിവ ചേർത്ത് വഴറ്റുക. മുളക് ഒരുവിധം കറുത്ത് വരുമ്പോൾ വേവിച്ചു വച്ച ചോറിൽ ചേർത്ത് ഇളക്കുക. കൂടെ സ്പ്രിങ്ങ് ഒനിയനും ചെറുതായരിഞ്ഞ മല്ലിയിലയും ചേർക്കുക.
ചട്നിയോ അച്ചാറോ കൂട്ടി ചൂടോടെ കഴിക്കാം.

---

## കാർട്ടൂൺ

### റ്റിറ്റോ മാത്യു



## കഴിഞ്ഞ ലക്കം ബൈബിൾ ക്വിസ്സിന്റെ ശരിയുത്തരങ്ങൾ

തയ്യാറാക്കിയത്: ജാൻസി ബിജു

1. യിരമ്യാവ് (യിര. 1:6)
2. ബെൻഹിന്നോം താഴ്വരയിലുള്ള തോഫേത്ത് (യിര. 7:32)
3. സിമ്രി (1 രാജാ. 16:15)
4. യെഹോവാശ്/ യോവാശ് (2 രാജാ. 11:21/ ആവ. 24:1)
5. ആയിരം തലമുറകൾ (പുറ. 20:6)
6. ഹോബാബ് (സംഖ്യാ. 10:31)
7. കഴുത (സംഖ്യാ. 22:28)
8. 120 (ആവ. 34:7)
9. യോശുവ (യോശു. 1:5)
10. അദോനി–ബേസെക്ക് (ന്യായ. 1:6)
11. കരയുന്നവർ (ന്യായ. 2:5)
12. ഹിസ്കീയാവ് (2 രാജാ. 20:6)

മുഴുവനും ശരിയുത്തരം നല്കിയ സർവ്വശ്രീ. ആലീസ് റ്റൈറ്റസ്, സിന്ധു കുക്കു ഫിലിപ്പ്, ലത എലിസബെത്ത് ഏബ്രഹാം എന്നിവർക്ക് അഭിനന്ദനങ്ങൾ അറിയിക്കുന്നു. ശരിയുത്തരം നൽകിയവരിൽ നിന്നും നറുക്കെടുപ്പിലൂടെ സമ്മാനാർഹമായ ശ്രീമതി. സിന്ധു കുക്കു ഫിലിപ്പിനുള്ള സമ്മാനം സ്പോൺസർ ചെയ്ത ശ്രീ. അജു വർക്കിയോടുള്ള നന്ദിയും അറിയിക്കുന്നു.

### Quiz Instructions:

A) Each person can submit only one set of answers.

B) Answers should hand over to Youth Times editor in sealed envelope

**C) The last date to receive the Bible Quiz answers is August 17.**

D) Winner will be selected from all those who submit the right answers by draw.

E) The Quiz Master's decision will be final.

# തിരുത്ത്

**കഴിഞ്ഞ ലക്കം യൂത്ത് ടൈംസിലെ ടോം ജോൺസ് അങ്കിളുമായുള്ള അഭിമുഖത്തിൽ വന്നുപോയ തെറ്റുകൾ തിരുത്തി വായിക്കണമെന്ന് അപേക്ഷിക്കുന്നു.**

10–ാം ചോദ്യത്തിനുത്തരം
ദുബായിൽ വന്നതിനു ശേഷം ഞാൻ ദുബായ് സി. എസ്. ഐ. പള്ളിയിൽ പോകുമായിരുന്നു. അവിടത്തെ ചിലർ വൈസ്പ്രസിഡന്റ് ആകാൻ നിർബന്ധിച്ചെങ്കിലും, ഒരംഗമായി തുടർന്നു.

4–ാം ചോദ്യത്തിനുത്തരം
എനിക്ക് മൂന്ന് മക്കളാണ്. മൂത്ത മകൻ ഷാജി, ബോംബെ സ്വദേശി അനിതയെ വിവാഹം കഴിച്ച് കുടുംബമായി അമേരിക്കയിൽ താമസ്സിക്കുന്നു. ഇളയ മകൻ ഷിബു, യു. കെ. സ്വദേശി റീബയെ വിവാഹം കഴിച്ച് ഇംഗ്ലണ്ടിൽ താമസ്സിക്കുന്നു. മകൾ ജോളിയും കുടുംബവും അമേരിക്കയിൽ താമസ്സിക്കുന്നു.

# ബൈബിൾ ക്വിസ്

1. നോഹയുടെ പെട്ടകത്തിന്റെ വാതിൽ അടച്ചതാര്?
Who has closed the door of Noah's arc?

2. സമാഗമന കൂടാരത്തിൽ സേവ ചെയ്യുന്ന ലേവ്യന്റെ പ്രായപരിധി എത്ര?
What is the age limit of Lavities for the service of the tabernacle of the congregation?

3. ചിലർ പാടിക്കൊണ്ടിരുന്നപ്പോൾ ഭൂകമ്പം ഉണ്ടായി. പാടിയവർ ആരെല്ലാം?
There was an earthquake occurred when few people started singing. Who are they?

4. വേദപുസ്തകത്തിൽ ഒരു സ്ത്രീ പാകം ചെയ്ത 5 ആടിനെ ഒരു പുരുഷന് നല്കിയിട്ടുണ്ട്. ആ സ്ത്രീ ആര്?
In the bible, there was lady who cooked 5 goats for a man. Who was that lady?

5. ഒരേസമയം ഏറ്റവും കൂടുതൽ ഭാഷയിൽ സംസാരിക്കുകയും അത് പരസ്പരം മനസ്സിലാകുകയും ചെയ്തതെവിടെ വച്ച്?
Name the place where many people spoke in different languages and they could understand. Where was it?

6. ഏദോമ്യരുടെ പിതാവാര്?
Father of Edom?

7. സ്വപ്നത്തിൽ പശു പശുവിനെ തിന്നു. ആരുടെ സ്വപ്നത്തിൽ?
In a dream cow ate cows . Whose dream was that?

8. ഏതു കാര്യത്തിലാണ് യഹോവയെ പരീക്ഷിപ്പിൻ എന്ന് അരുളിചെയ്തിരിക്കുന്നത്?
On which cause GOD asked us to prove Him?

9. യോർദ്ദാനിൽ നിന്നെടുത്ത പന്ത്രണ്ട് കല്ലുകൾ യോശുവ നാട്ടിയതെവിടെ?
Where Joshua pitch the twelve stones took out of Jordan?

10. യേശു ജീവിപ്പിച്ച ഒരാളെ കൊല്ലണമെന്ന് പുരോഹിതന്മാർ ആലോചിച്ചു. ആരെ?
Priests planned to kill a person who has risen from death by Jesus. Who is he?

11. സ്വന്തം ജീവിതാനുഭവങ്ങളിൽ നിന്നും കടങ്കഥ രൂപപ്പെടുത്തിയ ബൈബിൾ കഥാപാത്രം ആര്?
Who was the Bible character, who created riddle from his/her own life experience?

12. രോഗ സൗഖ്യത്തെ തുടർന്ന് യഹോവയ്ക്കല്ലാതെ അന്യദൈവങ്ങൾക്ക് ഹോമയാഗവും ഹനനയാഗവും അർപ്പിക്കില്ലെന്ന് തീരുമാനിച്ച വിജാതീയൻ ആര്?
Who was that gentile person who declared he will worship only living God and not any other false Gods?

# വിവാഹ മംഗളാശംസകൾ






NTERIVIEW
With
Rev. Philip Mathew
(Marthoma Church, Shj.)


Evangelist Andhra Mission


Youth cottage prayer


Bible Quiz



Remember your Creator
in the days of your youth,

Ecclesiastes 12:1

With Best Compliments from...... Varghese. P. Sam & Family